ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN


# എറണാകുളം മിസ്സം




Vol. 60
Issue. 04
April 2017



www.ernakulamarchdiocese.org


ഏപ്രിൽ 24-ാം തീയതി
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്
എറണാകുളം-അങ്കമാലി അതിരൂപതയുടെ
തിരുനാൾ ആശംസകൾ!!!

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം
BULLETIN

# വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | സർക്കുലർ 1/17 (കാലുകഴുകൽ ശുശ്രൂഷാകർമ്മം) |
| 9. | 25-ാമത് സീറോമലബാർ സിനഡ് |
| 13. | മെയ്ദിന സന്ദേശം 2017 |
| 22. | യുവജനകൂട്ടായ്മ ചിന്തകൾ (4) |
| 26. | പിതാക്കന്മാരുടെ ശുശ്രൂഷകൾ |
| 32. | കച്ചേരിക്കാര്യം |
| 37. | വൊക്കേഷൻ പ്രൊമോഷൻ |
| 39. | അജപാലനസമിതി 9-ാമത് യോഗ റിപ്പോർട്ട് |
| 42. | നിര്യാതരായി |
| 53. | നിവേദിത, ചുണങ്ങംവേലി |
| 54. | വാർത്തകളും വിശേഷങ്ങളും |
| 55. | വേദപഠന കേന്ദ്രം |
| 57. | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 60. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 64. | നൈപുണ്യ ഇന്റർനാഷണൽ |
| 66. | ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ് |
| 67. | കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി |
| 69. | സമന്വയ കൗൺസിലിംഗ് സെന്റർ |
| 71. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Jose Pollayil**

Volume : **60**
Issue No. : **4**
Month : **April 2017**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| *Mar Varkey Cardinal Vithayathil, Puthenpally* | *1927* | *1954* | *01.4.2011* |
| Fr. Mekkunnel Mathew, Nakapuzha | 1922 | 1952 | 01.4.2008 |
| Fr. Augusthy Panikulam, Elavoor | 1882 | 1908 | 03.4.1943 |
| Fr. Mavumkal Joseph, Muttam | 1902 | 1930 | 03.4.1995 |
| *Mar Abraham Kattumana, Ullala* | *1944* | *1969* | *04.4.1995* |
| Fr. Kurisumkal Joseph, Kandanad | 1902 | 1934 | 05.4.1983 |
| Fr. Thazhathuruthil Peter, Mevalloor | 1938 | 1967 | 05.4.1997 |
| Fr. Perumalil George, Ullala | 1944 | 1969 | 05.4.2013 |
| Fr. Puthupara Pathrose, Thuravoor | 1873 | 1899 | 07.4.1955 |
| Fr. Chittethazhath Francis, Amballoor | 1878 | 1907 | 08.4.1950 |
| Fr. Paul Kavalakat (Sr.), Kadukutty | 1925 | 1953 | 08.4.2010 |
| Fr. Narayamparambil Mathew, S. Thuravoor | 1924 | 1954 | 10.4.2008 |
| Fr. Koikara Joseph, Kizhakkambalam | | | 12.4.1897 |
| *Msgr. Antony Parackal, Angamaly* | *1916* | *1941* | *13.4.2001* |
| Fr.. Kattakkakathoot Geevarghese, Moozhikulam | 1859 | 1892 | 15.4.1939 |
| Fr. Pallipadan Paul, Thuravoor | 1941 | 1967 | 16.4.1985 |
| Fr. Thottankara George, Koodalappad | 1943 | 1969 | 16.4.2016 |
| Fr. Vithayathil Yohannan, Puthenpally | 1862 | 1894 | 17.4.1942 |
| Fr. Thalian George, Vathakkad | 1932 | 1961 | 17.4.2005 |
| Fr. Payyappilly Kochuvarkey, Moozhikulam | 1870 | 1899 | 19.4.1936 |
| Fr. Painadath Kochupaulo | 1869 | 1894 | 20.4.1934 |
| Fr. Powathil Antony, Thaikkattussery | 1896 | 1924 | 20.4.1980 |
| Fr. Panikulam Valiya Ittoop, N. Parur | 1884 | 1912 | 22.4.1952 |
| Fr. Padayattil Abraham, Kidangoor | 1926 | 1956 | 23.4.2014 |
| Fr. Kochuparambil George, Thottakam | 1906 | 1933 | 24.4.1982 |
| Fr. Kuttippuram George, Thalayolaparambu | 1930 | 1962 | 24.4.2004 |
| Fr. Narayamparambil Joseph, S. Thuravoor | 1920 | 1945 | 25.4.1999 |
| Fr. Punakat George, Kolengai | 1901 | 1920 | 28.4.1961 |
| Fr. Puthuva Joseph, Mookkannoor | 1890 | 1916 | 30.4.1965 |

സർക്കുലർ: 1/17

# കാലുകഴുകൽ ശുശ്രൂഷാകർമ്മം

മിശിഹായിൽ പ്രിയ വൈദികസഹോദരന്മാരേ, പ്രിയ സിസ്റ്റേഴ്സ്, ബ്രദേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഈ നോമ്പുകാലത്ത് നമ്മൾ കർത്താവിന്റെ രക്ഷാകരരഹസ്യങ്ങളെ ആരാധനാക്രമത്തിലൂടെ പ്രത്യേകമായി അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുകയാണല്ലോ. വലിയ ആഴ്ചയിൽ പെസാഹാവ്യാഴാഴ്ചയിലെ കർമ്മങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതും നമുക്കേവർക്കും വളരെ ദൈവാനുഭവം നൽകുന്നതുമാണ്. പെസഹാവ്യാഴാഴ്ചയിലെ കാലുകഴുകൽ കർമ്മം വളരെ ഹൃദയസ്പർശിയായിട്ടുള്ള ഒരു ആചരണമാണ്. പരമ്പരാഗതമായി ആചരിച്ചുപോന്ന പെസഹാവ്യാഴാഴ്ചയിലെ കർത്താവിന്റെ തിരുവത്താഴ കുർബാനയോടുകൂടിയുള്ള കാലുകഴുകൽ ശുശ്രൂഷയുടെ കർമ്മത്തിൽ പുതിയ രീതി നടപ്പിലാക്കാൻ 2016 ജനുവരി 6-ാം തീയതി ഫ്രാൻസിസ് മാർപാപ്പ നിർദ്ദേശം നൽകി. അതനുസരിച്ചു കാലുകഴുകൽ കർമ്മത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന പന്ത്രണ്ടുപേരിൽ ദൈവജനത്തിന്റെ മുഴുവൻ പ്രാതിനിധ്യം ലഭിക്കത്തക്കവിധം പുരുഷന്മാർ, സ്ത്രീകൾ, യുവജനങ്ങൾ, പ്രായമായവർ, ആരോഗ്യമുള്ളവർ, രോഗികൾ, വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ പ്രതിനിധികൾ ഉണ്ടായിരിക്കുവാനുള്ള സാധ്യത പരിശുദ്ധ പിതാവ് റോമൻ മിസ്സലിലെ തിരുത്തലിലൂടെ കൊണ്ടുവന്നു (*In Missa Cena Domini*, on January 6, 2016). ആരാധനാക്രമത്തിൽ വരുത്തിയ ഈ പരിഷ്ക്കരണത്തെക്കുറിച്ചു അജപാലനരംഗത്തു വ്യത്യസ്ത അഭിപ്രായങ്ങളും ചർച്ചകളും വന്ന സാഹചര്യത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കോൺഗ്രിഗേഷനോടു വിശദീകരണം ചോദിച്ചപ്പോൾ ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന നിർദേശം ലത്തീൻ സഭയ്ക്കു മാത്രമാണ് എന്നു മറുപടി ലഭിച്ചു ("Both the Decree and the Letter of the Holy Father, which prompted it, mention specifically and only "Roman Missal". Thus, this change does not concern the liturgical practices in the Eastern Churches").

പൗരസ്ത്യദൈവശാസ്ത്രവീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് പെസഹാവ്യാഴാഴ്ചയിലെ ഈശോയുടെ കാലുകഴുകൽ കർമ്മം നമ്മുടെ ആരാധനാക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1) യഹൂദപാരമ്പര്യത്തിൽ ഭക്ഷണത്തിനു മുമ്പാണ് കാലുകഴുകൽ. എന്നാൽ, പെസഹാവ്യാഴാഴ്ച, ഈശോ പന്ത്രണ്ട് പേരുടെ കാലുകഴുകുന്നത് ഭക്ഷണത്തിനു മുമ്പല്ല, അന്ത്യത്താഴമദ്ധ്യേയാണ്. അന്ത്യത്താഴമദ്ധ്യേ നടന്ന വിശുദ്ധ കുർബാന സ്ഥാപനവും, കാലുകഴുകൽ ശുശ്രൂഷയും, പൗരോഹിത്യസ്ഥാപനവും കർത്താവിന്റെ പീഡാനുഭവത്തോടും, മരണത്തോടും, ഉത്ഥാനത്തോടും ബന്ധപ്പെടുത്തിയാണ് ആചരിക്കപ്പെടുന്നത്. കർത്താവ് നടത്തിയ കാലുകഴുകൽ മനുഷ്യവംശത്തിനുവേണ്ടി അവിടുന്നു നിർവ്വഹിച്ച രക്ഷാകരശുശ്രൂഷയുടെ അടയാളവും മാതൃകയുമെന്ന നിലയിലാണ് പൗരസ്ത്യസഭകൾ ഇതിനെ മനസ്സിലാക്കുന്നത്. മിശിഹായുടെ രക്ഷാകരരഹസ്യത്തോടു മുഴുവൻ ബന്ധപ്പെടുത്തി ആരാധനാക്രമത്തിൽ നടത്തുന്ന കാലുകഴുകൽ കർമ്മം വിനയത്തിന്റെയും സമത്വത്തിന്റെയും അടയാളമായി മാത്രം കാണുക എന്നതിനെക്കാൾ രക്ഷാകരരഹസ്യത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ശുശ്രൂഷയുടെ മാനം അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ടവരിലൂടെ സമൂഹം മുഴുവനിലേക്കും വ്യാപിക്കണമെന്ന അർത്ഥത്തിലും കാണുവാനാണു പൗരസ്ത്യസഭകൾ ആഗ്രഹിക്കുന്നത്.

2) കാലുകഴുകൽ ശുശ്രൂഷയ്ക്ക് ഈശോയുടെ പൗരോഹിത്യവുമായി ബന്ധമുണ്ട്. ഈശോയാണ് നിത്യപുരോഹിതൻ. തന്റെ പൗരോഹിത്യപങ്കാളിത്തം ഈശോ പന്ത്രണ്ടു ശിഷ്യന്മാർക്കാണ് നൽകുന്നത്. സഭയിൽ ശുശ്രൂഷാപൗരോഹിത്യമെന്നത് അപ്പസ്തോലപൗരോഹിത്യമാണ്. ഇതു പന്ത്രണ്ടുപേരിലൂടെയും അവരുടെ പിൻഗാമികളിലൂടെയും സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നു. അന്ത്യത്താഴവേളയിൽ നടന്ന കാലുകഴുകൽ കർമത്തിൽ പുരുഷന്മാരായ പന്ത്രണ്ടു അപ്പസ്തോലന്മാരാണ് ഉണ്ടായിരുന്നത്. കാലുകഴുകൽ കർമത്തിനുശേഷം വിശുദ്ധ കുർബാന സ്ഥാപിച്ച ഈശോ "ഇതെന്റെ ഓർമയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞ് രക്ഷാകരശുശ്രൂഷയുടെ അടയാളവും മാതൃകയുമായ ഈ കർമ്മങ്ങൾ അവരെ ഭരമേൽപിക്കുകയാണ്. ആ കൽപനയ്ക്കു വ്യത്യാസം വരുത്താതെ പൗരസ്ത്യസഭകൾ ഇന്നും

പന്ത്രണ്ട് പുരുഷന്മാരുടെ അഥവാ ആൺകുട്ടികളുടെ കാലുകൾ കഴുകുന്ന പാരമ്പര്യം തുടർന്നുപോരുന്നു. സീറോമലബാർ സഭയിലും ഈ പാരമ്പര്യമാണ് നിലനിന്നുപോരുന്നത്. ഭാരതത്തിലെ കത്തോലിക്കരും ഓർത്തഡോക്സുകാരുമായ മാർത്തോമാപാരമ്പര്യമുള്ള മറ്റു സഭകളും ശ്ലീഹന്മാരുടെ പിൻഗാമികളെന്ന നിലയിൽ പന്ത്രണ്ടു പുരുഷന്മാരുടെയോ, ആൺകുട്ടികളുടെയോ കാലുകഴുകുന്ന രീതിയാണ് അവലംബിച്ചു പോരുന്നത്. പൗരസ്ത്യസഭകൾ അവയുടെ പാരമ്പര്യം കാലുകഴുകൽ ശുശ്രൂഷയിൽ നിലനിർത്തുന്നതുപോലെ ഇന്നത്തെ അജപാലനപരവും സാസ്കാരികവുമായ സാഹചര്യത്തിൽ ആ പൗരസ്ത്യപാരമ്പര്യം നിലനിർത്തുവാനാണ് സീറോമലബാർ സഭയും ആഗ്രഹിക്കുന്നത്.

വ്യക്തിസഭകളുടെ കൂട്ടായ്മയായ കത്തോലിക്കാ സഭയിൽ വ്യത്യസ്ത സഭാപാരമ്പര്യങ്ങളും ആരാധനാക്രമ അനുഷ്ഠാനങ്ങളും പരസ്പര പൂരകങ്ങളായി നിലനിൽക്കുമ്പോഴാണ് സാർവ്വത്രികസഭയിലെ വിശ്വാസപാരമ്പര്യം സമഗ്രമാകുന്നതും സമ്പന്നമാകുന്നതും. ആയതിനാൽ, **കത്തോലിക്കാസഭയുടെ കൂട്ടായ്മയിലുള്ള വ്യക്തിസഭകളുടെ പരസ്പരപൂരകത്വം ആരാധനാക്രമാനുഷ്ഠാനങ്ങളിൽ പ്രകാശിതമാകുന്നുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലും, പൗരസ്ത്യസഭകൾ പൊതുവെ മാറ്റാൻ ഉദ്ദേശിക്കാതിരിക്കുകയും, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള ഈ നിർദ്ദേശം പൗരസ്ത്യസഭകൾക്കു ബാധകമല്ലായെന്നു ബന്ധപ്പെട്ട കോൺഗ്രിഗേഷൻ വ്യക്തമാക്കുകയും, ലത്തീൻ സഭയിൽതന്നെ ഈ മാറ്റം നിർബന്ധമല്ലായെന്ന് ആരാധനാക്രമ കോൺഗ്രിഗേഷൻ വിശദീകരണം നൽകുകയും ചെയ്തിരിക്കുന്നതിന്റെ വെളിച്ചത്തിലും, സീറോമലബാർ സഭയിൽ ഇതുവരെ നിലനിന്നിരുന്നതുപോലെ തിരഞ്ഞെടുക്കപ്പെടുന്ന പന്ത്രണ്ട് പുരുഷന്മാരുടെയോ ആൺകുട്ടികളുടെയോ കാലുകഴുകുന്ന രീതി തുടരണമെന്നാണു മെത്രാന്മാരുടെ സിനഡ് നിർദേശിക്കുന്നത്. ആ നിർദേശം തന്നെ നമ്മുടെ അതിരൂപതയിലെ അജപാലകരും ആരാധനാക്രമത്തിൽ പാലിക്കണം.**

കേരളത്തിലെ ചില സ്ഥലങ്ങളിൽ ജയിലുകളിലും, നേർച്ചയെന്നപോലെ ഭവനങ്ങളിലും കാലുകഴുകൽ കർമ്മം നിലവിലുണ്ട്. കിടപ്പു

രോഗികളുടെയും, ഭിന്നശേഷിയുള്ളവരുടെയും കാലുകൾ കഴുകുന്ന രീതിയും നിലവിലുണ്ട്. ഈ പതിവുകൾ നമ്മുടെ അതിരൂപതയിലും ഉണ്ടാകാം. അവയൊക്കെ ആത്മീയചൈതന്യത്തോടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തക്കവിധം തുടരാവുന്നതാണ്.

എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹായസഹകരണങ്ങളും അഭ്യർത്ഥിച്ചുകൊണ്ടും ഉത്ഥിതനായ മിശിഹായുടെ അനുഗ്രഹങ്ങൾ എല്ലാവർക്കും ആശംസിച്ചുകൊണ്ടും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരെയും ആശീർവദിക്കുന്നു.

എന്ന്,
എറണാകുളം അതിമെത്രാസനമന്ദിരത്തിൽനിന്നും 2017-ാമാണ്ട് മാർച്ച് മാസം 27-ാം തീയതി.

**കർദിനാൾ ജോർജ് ആലഞ്ചേരി**
**എറണാകുളം-അങ്കമാലി മേജർ അതിരൂപതാ മെത്രാപ്പോലീത്ത**

................................................
N.B.: ഈ സർക്കുലറിന്റെ പ്രസക്തഭാഗങ്ങൾ ആരാധനാസമൂഹത്തിന് വിശദീകരിച്ചു കൊടുക്കാവുന്നതാണ്.

Prot. No. 0310/2017

# സീറോ മലബാർ സഭാ മെത്രാന്മാരുടെ 25-ാമത് സിനഡിന്റെ പ്രഥമ സമ്മേളനം

*2017 ജനുവരി 9 മുതൽ 14 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 25-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.*

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭാ മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാന ത്തേയ്ക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിലെ സിനഡ് (XXV സിനഡ്, സെഷൻ 1) 2017 ജനുവരി 9-14 വരെയുള്ള ദിവസങ്ങളിൽ കൂടുകയുണ്ടായി. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് സഭാ ആസ്ഥാനമായ സെന്റ് തോമസ് മൗണ്ടിലെ ചാപ്പലിൽ പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു സിന ഡിന്റെ ആരംഭം.

കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻ അധ്യക്ഷൻ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ നിര്യാണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തു കയും പ്രാർത്ഥനാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. സിനഡിലെ പൂർണ്ണ അംഗങ്ങൾ എന്ന നിലയിൽ ആദ്യമായി സംബന്ധിക്കുന്ന ഗ്രേറ്റ് ബ്രിട്ടൺ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിനെയും യൂറോ പ്പിലെ അപ്പസ്തോലിക വിസിറ്റേറ്റർ മാർ സ്റ്റീഫൻ ചിറപ്പണത്തിനെയും സിനഡിലേയ്ക്ക് ഔപചാരികമായി മേജർ ആർച്ചുബിഷപ്പ് സ്വാഗതം ചെയ്തു.

ക്രിസ്മസ് കഴിഞ്ഞുള്ള ദിവസങ്ങളിലെ തിരുപ്പട്ടത്തിന്റെയും പുത്തൻകുർബാനയുടെയും പശ്ചാത്തലത്തിലാണ് സിനഡ് സമ്മേളനം നടന്നത്. സീറോമലബാർ സഭയിൽ ആകെ 308 ഡീക്കന്മാരാണ് ഈ വർഷത്തിൽ അഭിഷിക്തരായത്, 165 സന്യാസവൈദികരും 143 രൂപ താവൈദികരും. സഭയ്ക്ക് ലഭിച്ച ഈ വലിയ ദാനത്തിന് നിത്യപുരോ ഹിതനായ ഈശോയ്ക്ക് നമുക്ക് നന്ദി പറയാം.

കേരളത്തിന് പുറത്തുള്ള പ്രവാസിമക്കളുടെ അജപാലനകാര്യങ്ങൾ സിനഡ് എന്നും അതീവതാല്പര്യത്തോടെയാണ് കാണുന്നത്. ഇന്ത്യയിൽ ചെന്നൈയിലെയും രൂപതകളില്ലാത്ത മറ്റു സ്ഥലങ്ങളിലെയും അജപാലന ശുശ്രൂഷാസംവിധാനങ്ങളെപ്പറ്റി സിനഡ് ഗൗരവമായി ചർച്ച ചെയ്തു. ഗൾഫിലെയും ഇന്ത്യയിൽ കേരളത്തിന് പുറത്തുള്ള സ്ഥലങ്ങളിലെയും അജപാലനരംഗത്തെ വെല്ലുവിളികളെപ്പറ്റി സിനഡ് ആശങ്ക രേഖപ്പെടുത്തി. ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾക്കുവേണ്ടി നാളിതുവരെ ചെയ്ത കാര്യങ്ങൾ അവലോകനം ചെയ്യപ്പെട്ടു. ഇക്കാര്യങ്ങൾക്കായി സംഘടിതവും ഫലപ്രദവുമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചു.

സാർവത്രിക സഭയിൽ അടുത്തുവരുന്ന മെത്രാന്മാരുടെ സിനഡ് യുവജനങ്ങളെ സംബന്ധിച്ചാണല്ലോ. സഭയുടെ ശക്തി യുവജനങ്ങളാണ്. രൂപതകളിലെ യുവജന അപ്പസ്റ്റൊലേറ്റ് കൂടുതൽ ഫലപ്രദവും സംലഭ്യവുമാക്കുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ വൈദികപരിശീലനം, അല്മായശാക്തീകരണം, സാമൂഹിക സേവനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. വൈദികപരിശീലനം കാലോചിതവും ഫലപ്രദവുമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സിനഡിൽ ചർച്ചയുണ്ടായി. നമ്മുടെ സെമിനാരികളിലെ അദ്ധ്യാപനരീതികൾ കൂടുതൽ ശാസ്ത്രീയമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തു പ്രൊഫസർമാരുടെ അദ്ധ്യാപനരീതിയെ വിലയിരുത്തുന്ന ഒരു സംവിധാനം സിനഡിൽ സെമിനാരികൾക്കുവേണ്ടി രൂപീകരിക്കാൻ ഇതുമായി ബന്ധപ്പെട്ട കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മറ്റു ക്രിസ്തീയവിഭാഗങ്ങളുമായി ബന്ധം പരിപോഷിപ്പിക്കുവാൻ സഹായകവുമാകുന്ന ഒരു എക്യുമെനിക്കൽ ഡയറക്ടറിക്കു സിനഡ് രൂപം കൊടുക്കുകയുണ്ടായി. അല്മായ പ്രേഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു അനുയോജ്യമായ പരിശീലനം നൽകി സീറോ മലബാർ സഭയിൽ ഒരു അല്മായ മുന്നേറ്റത്തിന് വഴിയൊരുക്കേണ്ടതാണെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. നേരിട്ടുള്ള മിഷൻ പ്രവർത്തനം *(Mission ad Gentes)* കണക്കിലെടുത്തു പ്രേഷിതാഭിമുഖ്യമുള്ള അല്മായർ സുവിശേഷപ്രഘോഷകരാകേണ്ടതിന്റെ ആവശ്യകത പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. അല്മായശാക്തീകരണത്തിന്റെ (Lay empowerment) രംഗത്ത് ഇനിയും നമ്മുടെ സഭ വളരെ മുന്നോട്ടുപോകേണ്ടതുണ്ട്. ഇത്തരുണത്തിൽ അല്മായപ്രേഷിത സംരംഭങ്ങ

ളുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ചെറുപുഷ്പ മിഷൻ ലീഗിന്റെ സംഘടനാപരമായ സ്വഭാവം എപ്രകാരം വികസിപ്പിക്കണമെന്നതിനെക്കുറിച്ച് സിനഡ് ചർച്ച നടത്തി.

ഈയിടെ ശ്രീലങ്കയിൽ വച്ച് നടന്ന ഏഷ്യയിലെ മെത്രാൻസമിതി (F.A.B.C.) യോഗത്തിൽ സംബന്ധിച്ച സീറോമലബാർ സഭയിലെ പിതാക്കന്മാർ അതിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. പതിവുള്ളതുപോലെ മുൻ സിനഡിലെ ചർച്ചകളെ പുനരവലോകനം ചെയ്യുകയും തീരുമാനങ്ങളെ വിലയിരുത്തുകയും ചെയ്തു. ഇക്കാര്യത്തിൽ പ്രകൃതി സംരക്ഷണവും, സിവിക് കൾച്ചറും സംബന്ധിച്ച ഒരു കൈപ്പുസ്തകം (handbook) മാർ തോമസ് ചക്യത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. “ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും” എന്ന പേരിലുള്ള ഈ പുസ്തകം ഹരിത വികസന പദ്ധതികളെപ്പറ്റിയും സഭയ്ക്ക് അതിലുള്ള പങ്കാളിത്തത്തെപ്പറ്റിയും പരാമർശിക്കുന്നു. Solar Energy, Water Pollution, Waste Management ശുചിത്വ പരിശീലനം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഈ പുസ്തകം എല്ലാവർക്കും വിശിഷ്യ, നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും, ഉപകാരപ്രദമാണ്. രൂപതാതലത്തിൽ ഇടവകകളിലും സംഘടനകളിലും ഈ പുസ്തകത്തിന്റെ പ്രചാരണത്തിനായി ശ്രമിക്കുമല്ലോ.

സാർവ്വത്രിക സഭയിലെ മെത്രാൻ സിനഡിന്റെ കുടുംബജീവിതത്തെപ്പറ്റിയുള്ള പ്രബോധനരേഖ (*Amoris laetitia*) പ്രചരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും നമ്മുടെ രൂപതകൾ നടത്തിയ പരിശ്രമങ്ങളും ,സംരംഭങ്ങളും ശ്ളാഘനീയമാണ്. അതിന്റെ ഓരോ രൂപതകളിലെയും റിപ്പോർട്ടുകൾ സഭാതലത്തിൽ ക്രോഡീകരിച്ച് റോമിലേക്ക് അയച്ചിട്ടുണ്ട്. കുടുംബ ജീവിതം സഭാജീവിതത്തിലെ അതിപ്രധാനമായ ഒന്നാകയാൽ ക്രിസ്തീയ സാക്ഷ്യത്തിനു ഈ പ്രബോധനരേഖ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ ഇടവകതലത്തിൽ നടപ്പിലാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് ഈ അവസരത്തിൽ ഉദ്ബോധിപ്പിക്കുന്നു.

ഈ സിനഡിൽ പരിഗണനയ്ക്കു വിഷയമാക്കിയ മറ്റൊന്നാണ് യോഗയുടെ പരിശീലനം. ഭാരതീയ സംസ്കാരത്തിൽ യോഗയുടെ സ്ഥാനം അംഗീകരിച്ചുകൊണ്ടുതന്നെ അത് വെറും ഒരു ശാരീരിക മുറയായിട്ടോ (Physical exercise) ഏകാഗ്രതയ്ക്കോ, ധ്യാനത്തിനോ വേണ്ടിയുള്ള ശാരീരികാവസ്ഥയായിട്ടോ മാത്രമേ കണക്കാക്കാൻ പാടുള്ളൂ. ദൈവാനുഭവവും, ഈശ്വരാഭിമുഖ്യവും യോഗയിലൂടെ സാധിക്കും എന്ന് ചിന്തി

ക്കുന്നത് ശരിയല്ല. നാം വിശ്വസിക്കുന്ന ദൈവം വ്യക്തിപരമായ ദൈവമാണ് (Personal God). ഒരു പ്രത്യേക ശാരീരികാവസ്ഥയിൽ പ്രാപിക്കാവുന്ന (trascendental) ഒന്നല്ല ദൈവം. യോഗവിഷയത്തിൽ സഭേതര നിലപാടുകൾ സ്വീകരിക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇത്തരുണത്തിൽ കത്തോലിക്കാ വിശ്വാസത്തിനു എതിരായിട്ടുള്ളതും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ അംഗീകരിക്കാത്തതുമായ പ്രാർത്ഥനാഗ്രൂപ്പുകളിലും ആത്മീയ പ്രസ്ഥാനങ്ങളിലും ചെന്നുപെടാതിരിക്കാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്. ആരാധനക്രമപരമായ കാര്യങ്ങളും സിനഡ് ചിന്തയ്ക്കു വിഷയമാക്കിയിരുന്നു. വിവാഹസമ്മതത്തിന്റെ (മനസമ്മതം) പുതിയക്രമത്തിന് സിനഡിൽ അംഗീകാരമായി. പെസഹാ വ്യാഴാഴ്ചത്തെ കാൽകഴുകൽ ശുശ്രൂഷ വിശദമായ ചർച്ചകൾക്ക് വിധേയമാക്കിയെങ്കിലും ഇതു സംബന്ധിച്ച് ഇപ്പോഴത്തെ രീതി തുടരണമെന്നും അതേസമയം ലിറ്റർജിക്കൽ കമ്മീഷൻ ഈ വിഷയത്തിലുള്ള പഠനം തുടരേണ്ടതാണെന്നും സിനഡ് നിർദ്ദേശിച്ചു.

വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ കാനൻ നിയമത്തിനു ഒരു ഫാക്കൽറ്റി അനുവദിച്ചിട്ടുള്ള കാര്യം സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷം കൂടുതൽ ഐക്യത്തിലും കൂട്ടായ്മയിലും മുന്നേറുവാനുള്ള ഒരവസരമാണ്. സഭയുടെ പ്രേഷിതാഭിമുഖ്യത്തിൽ കൂടുതൽ മുന്നേറുവാൻ ഈ ജൂബിലി നമുക്കിടയാകട്ടെ. ജൂബിലി വർഷത്തിൽ കടന്നുവന്ന വഴികൾ മനസ്സിലാക്കുവാനും ആദ്യകാലഘട്ടങ്ങളിൽ സഭയ്ക്ക് സാരഥ്യം നൽകിയ പിതാക്കന്മാരെ അനുസ്മരിക്കുവാനും നമുക്ക് പരിശ്രമിക്കാം. ജൂബിലിയോടനുബന്ധിച്ചു ഒരു അന്തർദേശിയ സിമ്പോസിയം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

യെമനിൽ ഭീകരവാദികൾ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിന്റെ കാര്യത്തിൽ സിനഡ് ഉത്ക്കണ്ഠ രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ വിടുതലിനുവേണ്ടി ഒരു ദിവസം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ പ്രാർത്ഥനായജ്ഞവും ആരാധനയും നടത്തി. ഗവൺമെന്റ് തലത്തിൽ ഇക്കാര്യത്തിൽ സമ്മർദം ചെലുത്തി കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു.

ആത്മീയനവീകരണം നിറഞ്ഞ ഒരു നോമ്പാചരണം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് മാർച്ചു മാസം 5 -ാം തിയതി നൽകപ്പെട്ടത്.

---

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരുടെയും സന്ന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

---

Ref: 3009/K-5/KCBC/OL/DS 27.3.2017

# മെയ്ദിന സന്ദേശം 2017

## കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്നത്

മിശിഹായിൽ പ്രിയപ്പെട്ടവരേ,

1. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും, തൊഴിലാളി ദിനമായി ആചരിക്കുന്ന മെയ്ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

**എന്താണ് തൊഴിൽ?**

2. ലോകത്തെ പൂർണ്ണതയിലേക്കു നയിക്കാൻ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വിലമതിക്കാനാകാത്ത ദാനമാണ് അദ്ധ്വാനശേഷി. കായികശേഷിയും ചിന്താശേഷിയും സർഗശേഷിയും സമന്വയിപ്പിച്ച് മനുഷ്യൻ നടത്തുന്ന പ്രവൃത്തികളാണു മാനവസമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്നത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂ

ഹത്തിന്റെയും സുസ്ഥിതി കൈവരുത്തുന്ന ഉപാധിയും തൊഴിൽ തന്നെയാണ്. തിരുസ്സഭയുടെ സംരക്ഷകൻ എന്ന വിശിഷ്ട സ്ഥാനം തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പിതാവിന് തിരുസ്സഭ നല്കി വണങ്ങുന്നത് (1870, ഒമ്പതാം പീയൂസ് പാപ്പ) ഈ പശ്ചാത്തല ത്തിലാണ്. തൊഴിലാളികുടുംബത്തിൽ ജനിച്ച് (മത്താ. 13:55), തൊഴിലാളിയായി ജീവിതംനയിച്ച് (മർക്കോ 6:3), പരസ്യ ജീവിതത്തിൽ തൊഴിലാളികളെ കൂട്ടുചേർത്ത് (മാർക്ക് 1:16-20) സമഗ്രവിമോചനത്തിന്റെ സദ്വാർത്ത ലോകംമുഴുവൻ എത്തിക്കാൻ യേശുവിന് സാധിച്ചു. അതിനാൽ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സംരക്ഷകൻ താൻതന്നെയാണെന്ന തിരിച്ചറിവും, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അദ്ധ്വാനിക്കുന്നവരോടൊപ്പംചേർന്ന് ക്രിസ്തുവിന്റെ വിമോചനദൗത്യം പൂർത്തിയാക്കുകയാണ് തന്റെ ദൗത്യമെന്ന അവബോധവുമാണ് ഓരോ തൊഴിലാളി ദിനാഘോഷത്തിൽ നിന്നും നാം സ്വന്തമാക്കേണ്ടത്.

**മെയ്ദിനം എന്ത്?**

3. മനുഷ്യർക്ക് തെല്ലും പ്രാധാന്യംനല്കാതെ അവരുടെ അദ്ധ്വാനശേഷിയെ പരമാവധി പ്രയോജനപ്പെടുത്തി ലാഭം വർദ്ധിപ്പിച്ച് ധനശേഷി കൂട്ടാൻ വ്യവസായ ഉടമകൾ പ്രകടമാക്കിയ ആർത്തിക്കെതിരേയാണ് 1886-ൽ ചിക്കാഗോയിൽ തൊഴിലാളികൾ സംഘടിച്ചത്. തൊഴിലാളികൾക്ക് മനുഷ്യരായി ജീവിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടമായിരുന്നു അത്. ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും കുരുക്കുകൾ പൊട്ടിക്കാൻ തൊഴിലാളികൾ നടത്തിയ ചിക്കാഗോ സമരത്തിന്റെ സ്മരണയായിട്ടാണു മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിച്ചു വരുന്നത്.

**തൊഴിലും സഭാപ്രബോധനങ്ങളും**

4. വ്യവസായ വിപ്ലവത്തിന്റെ ഫലമായി രൂപംകൊണ്ട അതികഠിനമായ സാമൂഹിക സാഹചര്യങ്ങളെ അതിജീവിക്കാൻവേണ്ടി തൊഴിലാളി സമൂഹത്തെ ശക്തിപ്പെടുത്താനായിരുന്നു ഭാഗ്യസ്മരണാർഹനായ ലിയോ പതിമൂന്നാമൻ പാപ്പ 1891-ൽ 'റേരും നൊവാരും' എന്ന ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചത്. തിരുസ്സഭ എന്നും തൊഴിലാളികൾക്കൊപ്പമാണ് എന്ന ഒരു പ്രഖ്യാപനവുമായിരുന്നു അത്. അന്താരാഷ്ട്ര തൊഴിൽ സംഘടന (ഐ.എൽ.ഒ.) ഉൾപ്പെടെ ദേശീയവും അന്തർദേശീയവും

ആയ മിക്കവാറും എല്ലാ സംഘടനകളുടെയും, തൊഴിലാളിക്ഷേമത്തിനും അവകാശ സംരക്ഷണത്തിനായി ലോകമെങ്ങും പിന്നീട് രൂപം കൊണ്ടിട്ടുള്ള നിയമങ്ങളുടെയുമെല്ലാം പിന്നിലുള്ള മുഖ്യചാലകശക്തി 'റേരും നൊവാരും' തന്നെയാണ്. ലിയോ പതിമൂന്നാമൻ പാപ്പായ്ക്കു ശേഷം തിരുസ്സഭയെ നയിച്ചിട്ടുള്ള എല്ലാ പരിശുദ്ധ പിതാക്കന്മാരും തങ്ങളുടെ പ്രബോധനങ്ങൾവഴിയും ഇടപെടലുകൾവഴിയും തൊഴിലാളികൾക്കു വേണ്ടി ശക്തമായി നിലകൊണ്ടവരാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പായാകട്ടെ, നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങൾക്കുമൊപ്പം തന്റെ പ്രബോധനങ്ങൾവഴിയും അതിലേറെ തന്റെ ജീവിതവും സ്വാധീനവും വഴിയും അനിതരസാധാരണമായ ചൈതന്യത്തോടെ നിലകൊള്ളുന്നു.

**അസംഘടിത തൊഴിലാളികൾ: ഒരു അവലോകനം**

5. നമ്മുടെ രാജ്യത്തിലെ മൊത്തം തൊഴിൽ ശക്തി നാല്പത്തൊമ്പത് കോടിയോളം വരും. ഇതിൽ 94 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമല്ലാത്ത അസംഘടിത തൊഴിലാളികളാണ്. കേരളത്തിൽ വിവിധകാലങ്ങളിലെ സർക്കാരുകൾ അസംഘടിത തൊഴിലാളികൾക്കായി രൂപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷനുകളും ക്ഷേമനിധി ഫണ്ടുകളും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ആശാവഹമായ സുരക്ഷാബോധം നല്കുന്നുണ്ട്. ഏറെ കാലമായി ട്രേഡ് യൂണിയനുകളും കെ.എൽ.എം. - ഉം നിരന്തരമായി ആവശ്യപ്പെട്ടുവരുന്ന പല കാര്യങ്ങളിൽ ഒന്നായ ക്ഷേമപെൻഷനുകൾ ചുരുങ്ങിയത് 1000 രൂപയാക്കിയതും, വർഷം തോറും 100 രൂപയുടെ വർദ്ധനവ് നടത്താമെന്ന വാഗ്ദാനം പാലിച്ച് ബജറ്റിൽ ഈ വർഷം തന്നെ ഉൾപ്പെടുത്തിയതും കേരള സർക്കാരിന്റെ ശ്ലാഘനീയവും ആശാവഹവുമായ പ്രവൃത്തിയാണ്. വിലക്കയറ്റം, അഴിമതി, രാഷ്ട്രീയ വർഗീയ വിവേചനം, കോർപ്പറേറ്റ് മേഖലകളുടെ അഭൂതപൂർവ്വമായ വളർച്ച മുതലായവയിലൂടെ ഇന്നത്തെ തൊഴിലാളികൾ പ്രത്യേകിച്ച്, അസംഘടിത തൊഴിൽമേഖലയിലുള്ളവർ ഏറെ കഷ്ടതകൾ നേരിടുന്നു. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം തൊഴിലാളികളെ തളർത്തിയിരിക്കുന്നു. ഈ അവസരത്തിൽ ഇരുട്ടടിയായിട്ടാണ് പുതിയ റേഷൻ സമ്പ്രദായം നിലവിൽ വരുന്നത്. അസംഘടിത മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

മത്സ്യത്തൊഴിലാളികളും ഗാർഹികത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമെല്ലാം ഇതിലൂടെ റേഷൻസമ്പ്രദായത്തിനു പുറത്തായിരിക്കുന്നു. നോട്ടു നിരോധനത്തിലൂടെ തകർന്നടിഞ്ഞ തൊഴിൽമേഖല വറചട്ടിയിൽനിന്നും എരിതീയിലേക്ക് എന്ന അവസ്ഥയിൽ എത്തിപ്പെട്ടിരിക്കുന്നു. രാജ്യത്തെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 60 ശതമാനം അസംഘടിത മേഖലയുടെ സംഭാവനയാണ്. എന്നിട്ടും മനുഷ്യോചിതമായി കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിഫലം, ഗ്രാന്റുകൾ, അലവൻസുകൾ, പെൻഷൻ, വിശ്രമം, ചികിത്സാനുകൂല്യം, ആരോഗ്യപരമായ തൊഴിൽ സാഹചര്യം തുടങ്ങിയവയെല്ലാം നിഷേധിക്കപ്പെട്ട് ആ മേഖലയിലുള്ളവർ പാർശ്വവത്ക്കരിക്കപ്പെട്ടവരും ദരിദ്രരുമായി മാറിയിരിക്കുന്നു. രാജ്യത്തെ കേന്ദ്ര-സംസ്ഥാന ബജറ്റുകളിൽ അസംഘടിത തൊഴിലാളികൾക്ക് ജനസംഖ്യാനുപാതികമായി വേണ്ടത്ര വകയിരുത്തലുകൾ ഉണ്ടാകുന്നില്ല.

6. രാഷ്ട്രം വേഗത്തിൽ വളരുന്നുണ്ടെങ്കിലും വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വിതരണം ചെയ്യപ്പെടുന്നില്ല എന്നാണു സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കുന്നത്. സ്വത്തിന്റെ വലിയ തോതിലുള്ള കേന്ദ്രീകരണം ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നർ രാജ്യത്തെ മുഴുവൻസ്വത്തിന്റെയും 58.4 ശതമാനവും കയ്യടക്കിയിരിക്കുന്നു (*ഓക്സ്ഫാം റിപ്പോർട്ട് 2016*). പൊതുസ്വത്ത് തട്ടിയെടുത്ത് രാജ്യം വിടുന്നവരും ലക്ഷം കോടികളുടെ നികുതിയിളവ് നേടിയെടുക്കുന്ന കോർപ്പറേറ്റുകളും പണത്തിന്റെ ബലത്തിൽ നിയമത്തെയും അധികാരികളെയും കൂടെനിർത്തുന്ന സമ്പന്നരും സ്വത്ത് വാരികൂട്ടി നിറയ്ക്കുമ്പോൾ അതിൽനിന്നും വീഴുന്നവകൊണ്ടുമാത്രം വിശപ്പടക്കേണ്ട ഗതികേടിലേക്ക് ഈ രാജ്യത്തെ അടിസ്ഥാന തൊഴിലാളി സമൂഹം നിപതിച്ചിരിക്കുന്നു. ആയിരക്കണക്കിനു കോടിരൂപയുടെ വായ്പയെടുത്ത് മനഃപൂർവം തിരിച്ചടക്കാത്ത വൻകിടക്കാരുടെ പേരുവിവരങ്ങൾ സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുപോലും ലഭ്യമാക്കാത്ത അധികാരികൾ പതിനായിരങ്ങൾ കടമെടുത്തിട്ട് പരാധീനതകൾമൂലം തിരിച്ചട ക്കാനാകാത്ത സാധാരണക്കാരെ ജപ്തിയും സർഫാസി നിയമവും കുടിയിറക്കലും പ്രയോഗിച്ച് കഷ്ടത്തിലാക്കുന്നത് യാതൊരു തരത്തിലും ന്യായീകരിക്കാനാകില്ല. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ ആജ്ഞാനുവർത്തി

കളാക്കി തൊഴിലാളി യൂണിയനുകളെ മാറ്റിയതിനാൽ പ്രതിരോധത്തിന്റെ പ്രതീക്ഷയും നഷ്ടമായിരിക്കുന്നു. കേന്ദ്ര ട്രേഡ് യൂണിയനുകൾ കൂടുതൽ ഉത്തരവാദിത്വത്തോടെ ചുമതലകൾ നിർവഹിക്കാൻ തയ്യാറാകാൻ ഇത്തരുണത്തിൽ ആഹ്വാനംചെയ്യുന്നു. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്കുവേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരണം.

**അസംഘടിതതൊഴിലാളികളും സഭയും**

7. അസംഘടിത തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിതത്വത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറേണ്ടതുണ്ട്. കെ.സി.ബി.സി. തൊഴിൽ കാര്യ കമ്മീഷന്റെ കീഴിലുള്ള കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം ഇതിനായി എല്ലാ രൂപതകളിലും ഊർജ്ജിതമാക്കണം. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ തൊഴിലാളി സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ അംഗസംഘടനയാണ് കെ.എൽ.എം. എല്ലാ ഇടവകകളിലും കെ.എൽ.എം. യൂണിറ്റുകൾ സമയബന്ധിതമായി രൂപീകരിക്കണം. തൊഴിലാളി ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കാനായി പ്രേഷിത ചൈതന്യവും സമർപ്പണബുദ്ധിയും നേതൃത്വപാടവവുമുള്ള അല്മായരെ കണ്ടെത്തി പരിശീലനം നല്കണം. വൈദികരും സന്ന്യസ്തരും തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണം. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. നിർമ്മാണത്തൊഴിലാളി, തയ്യൽതൊഴിലാളി, ഗാർഹികത്തൊഴിലാളി, മത്സ്യത്തൊഴിലാളി, മോട്ടോർ വാഹന തൊഴിലാളി, കർഷകത്തൊഴിലാളി, ചെറുകിടതോട്ടം തൊഴിലാളി, പീടികത്തൊഴിലാളി എന്നീ ഫോറങ്ങളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഇവയിലൂടെ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പരിശീലനങ്ങളും സഹായങ്ങളും കെ.എൽ.എം. നല്കിവരുന്നു. അസംഘടിതതൊഴിലാളികൾക്ക് സർക്കാർ നല്കുന്ന സാമൂഹിക സുരക്ഷാ അംഗത്വം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാക്കുവാനായി വിവിധ തൊഴിലാളി ഫോറങ്ങൾ വഴി സാധിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച തൊഴിൽ വിഭാഗങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ

എല്ലാ രൂപതകളും ഇടവകകളും ഏറ്റെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

8. സഭയുടെ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും തൊഴിൽ ചെയ്യുന്നവർക്ക് നിലവിലെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങളെ അതിജീവിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ അനുകമ്പാപൂർണ്ണമായ മനോഭാവത്തോടെ സൃഷ്ടിച്ചുനല്കാൻ കഴിയണം. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് അനുസൃതമായാണു സഭയിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കണം. ഇക്കാര്യവുമായി ബന്ധപ്പെട്ടാണു കെ.സി.ബി.സി. പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷനും സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച ഒരു മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. സഭാ സ്ഥാപങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഒത്താശകൾ നല്കാൻ കെ.എൽ.എം.-നെയാണ് കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത്. എല്ലാ രൂപതകളും, സന്ന്യാസ സമൂഹങ്ങളും ഇക്കാര്യത്തിൽ വേണ്ട നടപടികൾ താമസംവിനാ സ്വീകരിക്കുന്നത് നീതിയെ സംബന്ധിച്ച് സാരാംശപരമാണ്. നമ്മുടെ നാടിന്റെ സാമ്പത്തിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്ന ഒരു വിഭാഗമാണ് സ്വകാര്യമേഖലയിലെ സംരംഭകരും വിവിധ തൊഴിൽ ദാതാക്കളും. അവരുടെകൂടെ ജോലി ചെയ്യുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും പരിഗണിക്കുന്നതും, ജീവിതകാലംമുഴുവൻ സ്ഥാപനത്തിന്റെ ഭൗതിക വളർച്ചയ്ക്കായി അദ്ധ്വാനിക്കുകയും ജീവിതം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന തൊഴിലാളികളുടെ വാർദ്ധക്യകാല സാഹചര്യങ്ങളിലും സുരക്ഷയേകുന്ന രീതിയിൽ വേതനവും മറ്റ് തുടർആനുകൂല്യങ്ങളും നിശ്ചയിച്ചു നല്കണം.

**ഇതരസംസ്ഥാനത്തൊഴിലാളികൾ**

9. കേരളത്തിൽ ഏകദേശം മുപ്പതുലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ജോലിയെടുക്കുന്നു എന്നാണ് കണക്ക്. ഇവരോട് കുറച്ചുകൂടി അനുകമ്പാപരമായ സമീപനം കേരള സമൂഹം സ്വീകരിക്കേണ്ടതുണ്ട്. ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വിഭാഗം തൊഴിലാളികളുടെ

അവകാശസംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ട് രജിസ്ട്രേഷൻ നടത്തുന്നതിനായി വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെയും കെ.എൽ.എം. - ന്റെയും ആഭിമുഖ്യത്തിൽ ഒരു വെബ് പോർട്ടൽ (www.wifmdm.com) ദേശീയ തലത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എല്ലാ രൂപതകളിലും വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുകയും ഈ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**സമഗ്രവീക്ഷണം**

10. വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവുകയില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തിക വളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്: വരുമാനത്തിന്റെ കൂടുതൽ നല്ല വിതരണം, തൊഴിലിനുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ഒരു ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കു വേണ്ടിയുള്ളതുമായ ഒരു സമഗ്ര വളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ് *(ഫ്രാൻസിസ് പാപ്പ, സുവിശേഷത്തിന്റെ സന്തോഷം, 204).* ഇന്ന് വളർന്നുവന്നിരിക്കുന്ന അസമത്വം ദൂരീകരിച്ചാൽമാത്രമേ നീതിയും സമാധാനവും സാധ്യമാകൂ. ഇതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിനായി രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി എന്നിവ സൗജന്യമായോ പങ്കാളിത്തത്തോടെയോ നടപ്പിലാക്കണം. ഈ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ കൂടുതൽ ലളിതവും ആകർഷകവുമാക്കേണ്ടതുണ്ട്. എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കാനുള്ള പദ്ധതിക്ക് രൂപംനല്കാൻ സർക്കാർ മുൻകൈ എടുക്കണം. പണമുള്ളവർമാത്രം ഉന്നത വിദ്യാഭ്യാസം നേടുന്ന നിലവിലെ സാഹചര്യം അസംഘടിത തൊഴിലാളിയുടെ കുട്ടികളുടെ ഉപരിപഠനം അസാധ്യമാക്കുന്നു. ഇതിനെ അതിജീവിക്കാൻ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സംവരണവും സ്കോളർഷിപ്പും നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം. ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്ന

തിനുപകരം പ്രതിസന്ധികളെ അതിജീവിക്കാൻ തക്കവിധം സഹായ ങ്ങൾ വർദ്ധിപ്പിക്കണം. മുഖ്യധാര ട്രേഡ് യൂണിയനുകൾ അമിത രാഷ്ട്രീയ അടിമത്വം വെടിഞ്ഞ് തൊഴിലാളിപക്ഷത്തുനിന്ന് നിലപാടു കൾ സ്വീകരിക്കണം.

11. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരമായിമാത്രം തൊഴിലാളിദിനത്തെ പരിമിതപ്പെടുത്തരുതെന്നാണ് തൊഴിലാളികളോട് അഭ്യർത്ഥിക്കാനുള്ളത്. ഓരോ തൊഴിലാളിയും തങ്ങളുടെ തൊഴിൽ സത്യസന്ധതയോടെ നിർവ്വഹിക്കേണ്ടതുണ്ടെന്നു മറക്കരുത്. കർഷകൻ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഏവരും ഏതു സാഹചര്യങ്ങളിലും ജീവിതാവസ്ഥയിലും അവർ ചെയ്യുന്ന തൊഴിലുകളെ അഭിമാനത്തോടെ ഏറ്റുപറയാൻ സന്നദ്ധരുമാകണം. വിഭവങ്ങളുടെ മിതമായ വിനിയോഗം, സ്ഥാപനത്തിന്റെ സുസ്ഥിതി, തൊഴിൽദാതാവിനോടുള്ള ആദരം, ഏറ്റെടുത്ത തൊഴിലിന്റെ ഗുണ പരവും സമയബന്ധിതവുമായ പൂർത്തീകരണം എന്നിവയും തൊഴി ലാളിയുടെ കടമയാണെന്ന കാര്യം മറക്കരുത്. കൂടാതെ പ്രതിസന്ധി നിറഞ്ഞ സാഹചര്യങ്ങളെ അതിജീവിക്കാൻ സ്വയം കരുത്താർജ്ജി ക്കുകയും ലഭ്യമാകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. വിളക്കിൽ എണ്ണ കരുതാതിരുന്ന സ്ത്രീകൾ തെരഞ്ഞെടുക്ക പ്പെടാതെ പോയതായ ഉപമ സുവിശേഷത്തിൽ നാം വായിക്കുന്നു (മത്താ 25.1-12). സാഹചര്യങ്ങൾ മുന്നിൽകണ്ട് കരുതൽ എടുക്കേണ്ട തിന്റെ പ്രാധാന്യമാണ് ഇതിലൂടെ നാം മനസ്സിലാക്കേണ്ടത്. ക്ഷേമനി ധികൾ, പെൻഷൻ സ്കീമുകൾ, ഇൻഷുറൻസ് പദ്ധതികൾ, സ്വയം സഹായ സംഘങ്ങളിലൂടെയുള്ള ശക്തീകരണപ്രവർത്തനങ്ങൾ തുടങ്ങിയവയിലുള്ള പങ്കാളിത്തത്തിലൂടെ കരുതലെടുക്കേണ്ടതും, തന്റെ തൊഴിൽമേഖലയിൽ പ്രാവീണ്യവും വൈദഗ്ദ്യവും വർദ്ധിപ്പി ക്കാൻ പരിശീലനങ്ങൾ നേടേണ്ടതും ഓരോ തൊഴിലാളിയുടെയും കട മയാണ്. ഐ.ടി. മേഖല പോലുള്ള ആധുനിക തൊഴിൽ സാഹചര്യ ങ്ങളിൽ വ്യക്തിജീവിതവും കുടുംബംപോലും അവഗണിച്ചുള്ള അദ്ധ്വാനരീതികളും അപകടവും ശ്രദ്ധാപൂർവ്വം പരിഹരിക്കപ്പെടേണ്ട തുമാണ്.

12. തൊഴിലാളിയും തൊഴിൽദാതാവും തങ്ങളുടെ അവകാശങ്ങളെയും കടമകളെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായിക്കണ്ട് പരസ്പര

സഹകരണത്തിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കണം. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വയ്ക്കാൻ സർക്കാരും ഭരണാധികാരികളും സ്ഥാപന ഉടമകളും തയ്യാറാകണം. പണത്തെക്കാളും ലാഭത്തെക്കാളും മൂല്യവും മഹത്ത്വവും തൊഴിലിനും തൊഴിലിന്റെ ഉടമയായ മനുഷ്യനും നല്കണം. കാരണം, തൊഴിലിലല്ല മഹത്വം അടങ്ങിയിരിക്കുന്നത്; അതു ചെയ്യുന്ന മനുഷ്യനിലാണ്.

13. തൊഴിലാളിദിനത്തിന്റെ ആശംസകളും വിശുദ്ധ യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യവും പ്രാർത്ഥനകളും ഒരിക്കൽ കൂടി നേരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈ്വക ദൈവത്തിന്റെ അനുഗ്രഹവും കൃപയും നിങ്ങൾ ഏവരോടുംകൂടെ ഉണ്ടാകട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

പി.ഒ.സി. കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

.............................

NB: ഈ സർക്കുലർ 2017 ഏപ്രിൽ 23-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



യുവജനകൂട്ടായ്മ ചിന്തകൾ - 4

# കടം വാങ്ങപ്പെട്ട കല്ലറയിൽ

റാണിമരിയാപുരം കൈതച്ചെടികളുടെയും ചെറിയ തോടുകളുടേയും കൊന്നമരങ്ങളുടേയും നാടായിരുന്നു. ഗ്രാമത്തിന്റെ ദേവാലയമാണെങ്കിലോ അനാഥത്വം പേറിയ മാർട്ടിൻ ഡി പോറസ്സിന്റെ നാമധേയത്തിലും. ആ ഗ്രാമത്തിലെ ഭൂമിയുടെ ഉടമസ്ഥാവകാശം ഏകദേശം അഞ്ച് കുടുംബങ്ങൾക്കായിരുന്നു. പാടത്ത് പണിയെടുത്തും, തെങ്ങിൻ തോപ്പിന് തടമെടുത്തും, വിശ്രമസമയത്തി പായ് നെയ്തും, മഴസമയങ്ങളിൽ കയറുപിരിച്ചും 400 കത്തോലിക്കാ കുടുംബങ്ങൾ അന്നന്നത്തെ അപ്പം നേടി. 1957-ൽ സ്ഥിതികൾ തകിടം മറിഞ്ഞു. നാട് മുഴുവൻ 400 കുടുംബങ്ങൾക്കായി പകുത്തു നൽകപ്പെട്ടു. 10 സെന്റിന്റെ ഉടമസ്ഥരായ അവർ, തങ്ങളുടെ മക്കൾക്കും ഉള്ളതിന്റെ പങ്ക് പകുത്ത് നൽകി. എന്നാൽ പലരുടെയും വീടുകളിലേക്ക് വഴികൾ ഇല്ലായിരുന്നു. അയലത്തുകാരന്റെ അടുക്കള വശത്തുകൂടി നടന്നും, മുറ്റം ചവുട്ടിയും അവർ ബസോടുന്ന വഴികളിലെത്തി.

ആയിടയ്ക്കായിരുന്നു ആ ഗ്രാമത്തിൽ വഴിയച്ചൻ വന്നുപെട്ടത്. കർത്താവിന്റെ സിനഗോഗ് പ്രസംഗത്തിന്റെ സാരാംശമെന്നത് അച്ചൻ മനസ്സിലാക്കിയത് എല്ലാ വീട്ടുകാർക്കും ഒരു വഴി എന്നായിരുന്നു. ഓരോ പ്രഭാതത്തിലും ആ ഗ്രാമീണർ ഓരോ പുതിയ വഴികൾ കണ്ടു. അച്ചനും നാട്ടുകാരും കൂടി വെട്ടിയ വഴികൾ. മൂന്നടിവീതി, ആറടി വീതി. വീടുകളിൽ സാധാരണക്കാരന്റെ വാഹനമായ സൈക്കിളും, ഓട്ടോറിക്ഷായും ചെന്നെത്താൻ പറ്റിയ വഴികൾ. എളുപ്പമായിരുന്നില്ല, വഴിയച്ചന്റെ സുവിശേഷ ദൗത്യം. പോലീസുകാർ അച്ചനെ നേരിൽ കാണാത്ത ദിവസങ്ങളില്ല. കോടതിയിലാണെങ്കിലോ കേസിനു പുറകെ കേസുകളും. പാവപ്പെട്ട ഗ്രാമീണരുടെ കാണപ്പെട്ട ദൈവമായി അച്ചൻ.

ളോഹ തെറുത്തുകയറ്റി, ചെളിയിലേക്കു കാലുകളൂന്നി, ചെളികുത്തി, റോഡുണ്ടാക്കുന്ന വൈദികനെ, നസ്രസ്സിലെ മരയാശാരി ചെറുക്കന്റെ പുനരവതാരമായി നാട്ടുകാർ കണ്ടതിൽ അത്ഭുതം കൂറേണ്ട ആവശ്യമില്ല.

2013-കളിലാണ്, ടോമിയച്ചൻ റാണിമരിയാപുരത്ത് വികാരിയായി വന്നത്. തന്റെ 15 വർഷത്തെ അജപാലന അനുഭവവുമായി ടോമി അച്ചൻ മാർച്ചു മാസത്തിൽ റാണിമരിയാപുരത്ത് ബസിറങ്ങി. തന്റെ അജഗണത്തെ ഞായറാഴ്ച കണ്ടു. വികസനത്തിന്റെ വലിയ കുതിപ്പൊന്നും തന്റെ ഇടവകയിൽ ഇല്ലെന്ന് മനസ്സിലാക്കുവാൻ ടോമിയച്ചന് അധികസമയം വേണ്ടിവന്നില്ല. വിശക്കുന്ന മനുഷ്യർ, രോഗത്തിന് അടിമകൾ, പോഷകാംശക്കുറവുള്ള കുഞ്ഞുമക്കൾ. പക്ഷേ, അച്ചനെ ആവേശംകൊള്ളിച്ചത് അവിടത്തെ യുവജനങ്ങളായിരുന്നു. അവർ 60 പേരോളം വരും. അടുത്ത സ്ക്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന മഠത്തിലെ മദർ ആയിരുന്നു അവരുടെ ആനിമേറ്റർ. ചെറുപ്പക്കാരെ സ്വന്തം ആത്മാവിൽ ഉൾക്കൊണ്ട സമർപ്പിത. പുഴുങ്ങിയ കപ്പയും കട്ടൻ കാപ്പിയും കഴിച്ച് ചെറുപ്പക്കാരുടെ കൂടെയിരുന്ന് ആഗോളവത്കരണത്തിന്റെ കറുത്ത മുഖങ്ങൾ വരച്ചുകാട്ടാൻ മടിയില്ലാത്ത കന്യാസ്ത്രീ. ടോമിയച്ചനെ അത്ഭുതപ്പെടുത്തിയത് സിസ്റ്ററിന്റെ സാമൂഹ്യവിശകലനവും ചെറുപ്പക്കാരിലുള്ള  വിശ്വാസവുമായിരുന്നു.

2015-ലെ ഒരു യുവജന മീറ്റിംഗിൽ വച്ചാണ് സിസ്റ്ററിന്റെ പ്രോത്സാഹനത്തോടെ ജോമി എന്നൊരു ചെറുപ്പക്കാരൻ ഇടവകയുടെ വലിയ ഒരു ആവശ്യം ടോമിയച്ചന്റെ മുൻപിൽ വച്ചത്. മൃതദേഹം വയ്ക്കുവാൻ ഞങ്ങളുടെ പല വീടുകളിലും സ്ഥലമില്ല. ജോമി പറഞ്ഞു "പാരിഷ് ഹാൾ അതിനുപയോഗിച്ചുകൂടേ?" ടോമിയച്ചൻ നിശബ്ദനായി. പാവപ്പെട്ടവരുടെ വലിയൊരു സമൂഹം ആ ഇടവകയിലുണ്ടായിരുന്നു എങ്കിലും യാഥാസ്ഥിതികത്വം ആ ഇടവകയുടെ വലിയൊരു മുഖമായിരുന്നു. ഇടവകയുടെ കല്യാണ ആഘോഷങ്ങൾ നടക്കുന്നത് ആ ഹാളിലാണ്. ആളുകൾ എതിർപ്പ് പറഞ്ഞാലോ? ഇടവകയിൽ ഭിന്നത ഉണ്ടായാലോ? ഉത്തരം പറയാതെ മീറ്റിംഗ് പിരിഞ്ഞു.

രണ്ടാഴ്ചത്തെ പ്രാർത്ഥനയ്ക്കുശേഷം ജോമിയുടെ ഈ ആവശ്യം അച്ചൻ ഇടവകപ്രതിനിധിയോഗത്തിൽ വച്ചു. ആരും ഒന്നും മിണ്ടാതിരുന്നപ്പോൾ മദറാണ് ആ നിശബ്ദത ഭേദിച്ചത്. വീട്ടിൽ സൗകര്യമില്ലാത്ത കുടുംബങ്ങൾക്ക് ഈ സൗകര്യം ചെയ്തുകൊടുക്കുന്നത് ഒരു

കാരുണ്യപ്രവർത്തിയല്ലേ? മദർ ചോദിച്ചു. ഇടവകപ്രതിനിധി അംഗങ്ങൾക്ക് ആവശ്യം ബോധ്യപ്പെട്ടു. എങ്കിലും അവരുടെ പ്രതികരണം വ്യത്യസ്തമായിരുന്നു. അച്ചൻ കുടുംബയോഗങ്ങളിൽ ചോദിക്കട്ടെ. സമവായം ഉണ്ടായാൽ അതല്ലേ നല്ലത്.

13 കുടുംബയൂണിറ്റുകൾ ഉൾക്കൊള്ളുന്നതായിരുന്നു ആ ഇടവക. ടോമിയച്ചൻ നാല് ചെറുപ്പക്കാരെ തെരഞ്ഞെടുത്തു. രണ്ട് യുവാക്കളും രണ്ട് യുവതികളും. കുടുംബയൂണിറ്റിലെ ചർച്ചയുടെ സമയത്ത് ഈ നാലു പേർ ഈ വിഷയം അവതരിപ്പിച്ച്, ചർച്ച നയിക്കണം. ചർച്ച വഴിവിട്ടു പോയാൽ താൻ ഇടപെട്ടോളാമെന്ന് ടോമിയച്ചൻ അവർക്ക് ഉറപ്പ് നൽകി. പല യൂണിറ്റുകളും വ്യത്യസ്തങ്ങളായ ആശങ്കകളാണ് പങ്കുവച്ചത്. വീട്ടിലെ കർമ്മങ്ങൾ എങ്ങിനെ ഹാളിൽ നടത്തും? അതിന്റെ ഭംഗി പോകില്ലേ? വീട്ടിലെ കർമ്മങ്ങൾക്ക് മറ്റു മതസ്ഥരും വരാറുണ്ട്. അവർ പള്ളി ഹാളിലേക്കു വരുമോ? ചോറ് വിളമ്പുന്ന സ്ഥലത്ത് മൃതദേഹം വയ്ക്കുന്നത് ശുഭലക്ഷണമായിരിക്കുമോ? ടോമിയച്ചൻ ഒരു ഉത്തരമേ നൽകിയുള്ളൂ. വീട്ടിൽ സൗകര്യമില്ലാത്തവർക്കുവേണ്ടി ഈ നിർദ്ദേശം പരിഗണിച്ചുകൂടേ? ചില യൂണിറ്റുകളിൽ ചർച്ച ചൂടുപിടിച്ചു. വേണ്ടായെന്നും, വേണമെന്നും അവസാനം പൊതുവായ അഭിപ്രായം പൊന്തിവന്നു. “സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനു വേണ്ടിയല്ല.” റാണിമരിയാപുരം ഇടവകയിലെ പാരിഷ് ഹാളിൽ ആവശ്യപ്പെടുന്ന എല്ലാവർക്കും മൃതദേഹം വയ്ക്കുവാനും പ്രാർത്ഥിക്കുവാനും. ആദരവുകൾ അർപ്പിക്കാനും സൗകര്യമുണ്ടാകും. പൊതുയോഗവും ആ തീരുമാനത്തിന് അംഗീകാരം നൽകി. അരമന കച്ചേരിയേയും ടോമിയച്ചൻ ഈ വിവരം ധരിപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തു.

ഈ തീരുമാനം എടുത്ത് നാലു ദിവസം കഴിഞ്ഞ ഒരു ശനിയാഴ്ച ഉച്ചയ്ക്കാണ് പള്ളിയിൽനിന്ന് വളരെ അകലെയല്ലാതെ താമസിക്കുന്ന വിധവയായ റോസി ചേച്ചി മരിച്ചത്. 55 വയസ് പ്രായമുണ്ടായിരുന്ന റോസി ചേച്ചി മാനസികവൈകല്യമുള്ള തന്റെ രണ്ട് ആൺമക്കളോടൊപ്പം ഒരു കൂരപ്പുരയിലായിരുന്നു താമസം. ബന്ധുക്കൾ ആരുമില്ല. യുവജനങ്ങൾ വീട്ടിലെത്തി. വേണ്ടതെല്ലാം ചെയ്ത് വികാരിയച്ചനെ വിവരമറിയിച്ചു. ഞായറാഴ്ച രാവിലെ അവർ അതീവ ബഹുമാനത്തോടെ ആ മൃതദേഹം തോളിലേറ്റി പള്ളിഹാളിലേക്കു കൊണ്ടുവന്നു. ഇതിനോടകം തന്നെ യുവജനസംഘടനയിലെ യുവതികൾ ഹാൾ ഭംഗിയായി അല


ങ്കരിച്ചിരുന്നു. ഞായറാഴ്ച ആദ്യത്തെ കുർബാന കഴിഞ്ഞതോടെ ഇടവകയിലെ ജനം മുഴുവൻ ഹാളിലേക്കുനീങ്ങി. റോസി ചേച്ചി ഒരു രാജ്ഞിയെപ്പോലെ ശവമഞ്ചത്തിൽ കിടക്കുന്നു. ഒപ്പീസിന്റെ ഇടയിൽ അച്ചന്റെ ശബ്ദമിടറി. ഇതല്ലേ ക്രിസ്തുപറഞ്ഞ മാർഗ്ഗം. എന്റെ നാമത്തിൽ ഈ എളിയവന് ചെയ്യുന്നത് എനിക്കുതന്നെയല്ലേ ചെയ്യുന്നത്.

ഞായറാഴ്ച 10.00 മണിയായപ്പോൾ യുവജനസംഘടനയിലെ പെൺകുട്ടികൾ മദറിനോടൊപ്പം അച്ചനെ സമീപിച്ച് അവരുടെ ഒരു ആഗ്രഹം പറഞ്ഞു. ഹാളിൽനിന്ന് പള്ളിയിലേക്ക് റോസി ചേച്ചിയുടെ മൃതദേഹം ചുമക്കാൻ തങ്ങളെ അനുവദിക്കണം. അച്ചൻ റോസി ചേച്ചിയെ മുടി അണിയിച്ചു കഴിഞ്ഞപ്പോൾ പത്തോളം യുവതികൾ വെള്ള ചുരിദാർ ധരിച്ച് വിനയാന്വിതരായി ശവമഞ്ചത്തിന്റെ രണ്ടുവശത്തും നിന്നു. ഗ്രാമത്തിലെ ബാൻഡിന്റെ ശോകസംഗീതം വാനിലേക്കുയർന്നപ്പോൾ അവർ റോസി ചേച്ചിയുടെ മൃതദേഹം ചുമലിൽവച്ചു. ഒരു രാജ്ഞിയെ വഹിക്കുന്നതുപോലെ ദേവാലയത്തിലേക്ക് അവർ നീങ്ങി. സ്ത്രീകൾ തങ്ങളുടെ കണ്ണുകൾ തുടച്ചു. തങ്ങൾ എന്നും ചെയ്യുവാൻ ആഗ്രഹിച്ചത് തങ്ങളുടെ പെൺമക്കൾ ചെയ്യുന്നു. മൃതദേഹം പള്ളിമുറ്റത്തേക്ക് കടന്നപ്പോൾ പള്ളിയുടെ മുഖവാരത്തിലിരുന്ന മാർട്ടിൻ ഡി പോറസ് പുണ്യവാളൻ താഴത്തേക്ക് നോക്കി പുഞ്ചിരിച്ചു. അദ്ദേഹത്തിന് അറിയാൻ പാടില്ലാത്തതല്ലല്ലോ, അവഗണനയുടെയും അനാഥത്വത്തിന്റെയും കയ്പുരസം. തന്റെ മക്കളെക്കുറിച്ച് പുണ്യവാന് അഭിമാനം തോന്നിയിട്ടുണ്ടാകും.

കടം വാങ്ങപ്പെട്ട കല്ലറയിലാണ് അവനെ അടക്കം ചെയ്തത്. അനാഥത്വത്തിന്റെ മൂർത്തീരൂപം. അവനുവേണ്ടി ഈ ഭൂമി ഒന്നും ചെയ്തില്ല. പക്ഷേ, ഈ ഭൂമിക്ക് അവൻ എല്ലാം നൽകി. മരിച്ചവരെ ആദരിക്കുമ്പോൾ അവനെയാണ് ഓർമ്മിക്കേണ്ടത്. ഒന്നും സ്വന്തമായി വയ്ക്കുവാൻ കൊതിക്കാത്തവൻ. നമ്മുടെ യുവജനങ്ങളുടെ വേറിട്ടുള്ള ചിന്തകൾ വരുവാൻ പോകുന്ന സഭയുടെ ശോഭയാർന്ന മുഖമാണ്. അവരോടൊപ്പം ചേർന്ന് നമുക്കും അവൻ നൽകിയ രക്ഷയിൽ പങ്കുകാരാകാം. സഭ യുവജനങ്ങളെ ഗൗരവമായി എടുക്കുന്നിടത്തെല്ലാം അവർ വിസ്മയം സൃഷ്ടിക്കുന്നു. കടം വാങ്ങപ്പെട്ട കല്ലറകൾക്ക് അവകാശികളായി അനേകർ നമ്മുടെ ഇടവക സമൂഹത്തിലും ഉണ്ടല്ലോ!!!

സെബാസ്റ്റ്യൻ പിതാവ്

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Archbishop George Cardinal Alencherry

### APRIL 2017

| | | | |
|---|---|---|---|
| 2 | pm | Vaikom | Forane A.K.C.C. *Kudumba Sangamam* |
| 4 | pm | Bishop's House | Consultors' Meeting |
| 8 | pm | Vaikom | 75th Death Anniversary of Rev. Fr. Cyriac Vettickappilly |
| 9 | am | Basilica Ekm. | Palm Sunday |
| | pm | Ernakulam | Way of the cross |
| 10 | am | Basilica Ekm. | Chrism Mass |
| 13 | am | Basilica Ekm. | Maundy Thursday |
| 14 | am | Basilica Angamaly | Good Friday |
| 16 | am | Pallippuram | Easter |
| 18 | am | Mount St. Thomas | Catholic College Principals' Meet |
| 19 | pm | Edappally | Rededication of the Old Church |
| 20 | pm | Kokkamangalam | Church Blessing |
| 21 | pm | Bharananganam | K.C.B.C. State *Madhya Virudha Samithi* |
| 22 | am | Asokapuram | Golden Jubilee of Sisters, O.S.F. Convent |
| 23 | am | Maruthorvattom | Pastoral Visit |
| 25 | am | Edappally | Holy Mass at Vincentian Generalate |
| | | Mount St. Thomas | V.G's, Chancellors, Vice-Chancellors - Meeting |
| 26 | am | Mount St. Thomas | Family Commission Meeting |
| | pm | Kalady | Blessing of the New Generalate (C.P.S.) |
| | | Mount St. Thomas | Meeting of Seminary Rectors |
| 27 | | Mount St. Thomas | Meeting of Seminary Rectors |
| 29 | | Thamarasery | Diocesan Day |



# Bishop Sebastian Adayanthrath

## APRIL 2017

| | | | |
|---|---|---|---|
| 1 | pm | Aluva, Atma Darsan | Graduation Ceremony |
| 2 | am | Kizhakkambalam | Holy Mass & K.C.Y.M. Meeting Inauguration |
| | pm | Renewal Centre | K.C.Y.M. Meeting Inauguration (Ernakulam, Edappally Forane) |
| 4 | pm | Bishop's House | Consultors' Meeting |
| 4 – 6 | | Thannipuzha | Retreat |
| 7 | pm | Bishop's House | Board Meeting, Naipunnya Welfare Service |
| | pm | Bishop's House | Board Meeting, N.I.M.I.T., Pongam |
| 8 | pm | Vaikom | Memorial Mass, Fr. Cyriac Vettickappilly |
| 9 | am | Vengoor | Palm Sunday |
| | pm | Ernakulam | Way of the Cross |
| 10 | am | Renewal Centre | Diaconate- Archdiocesan Sub-deacons |
| | | Basilica Ekm. | Chrism Mass |
| 13 | am | Josepuram | Maundy Thursday |
| | pm | Aluva,Clarapuram | Maundy Thursday, North Indians |
| 14 | am | Basilica Ekm. | Good Friday |
| 15 | am | Basilica Ekm. | Holy Saturday |
| 16 | am | Yordanapuram | Easter Sunday |
| 17 | am | Edappally | Marriage Blessing |
| 18 | am | Bishop's House | Board Meeting, Welfare Service Ekm. |
| | pm | Bishop's House | Board Meeting, B.M.C. Legal Studies |
| | | Bishop's House | Board Meeting, B.M.C. Choondy |
| 20 | am | Kottayam | Message, Christeen Retreat |
| | pm | Kokkamangalam | Church Blessing |
| 21 | am | Edappally | Holy Mass & Adoration |
| | | Bishop's House | Board Meeting, B.M.C. & B.M.I.M. |
| | pm | Bishop's House | Board Meeting, Viani Printings |

| | | | |
|---|---|---|---|
| 22 | am | Angamaly | Vestition, C.M.C. Sisters |
| | pm | | Vestition, Archdiocesen Brothers |
| 23 | am | Panavally | Holy Mass & Blessing - Parish Hall |
| | pm | Chenganassery | Episcopal Ordination |
| 24 | am | Naduvattom | Marriage Blessing |
| | pm | Choondy | Holy Mass & Blessing - Parish Hall |
| 25 | | Kakkanad | V.G's, Chancellors, Vice-Chancellors - Meeting |
| 26 | | Kakkanad | Meeting, Liturgy |
| 27 | am | Vaikom | Holy Mass & Jubilee |
| | pm | Bishop's House | Board Meeting, L.F. Hospital, Angamaly |
| | | Basilica Ekm. | Mahajubilee Trust Meeting |
| 28 | | S.H. Seminary | Interview |
| | pm | Muttathiparambu | Holy Mass & Flag Hoisting |
| 29 | am | Renewal Centre | Message, Preachers' Camp |
| | | Mallussery | Final Profession, S.S.S. |
| 30 | am | Thevakkal | Holy Mass & First Holy Communion |
| | | Vellarappilly | Blessing |
| | pm | Ayyampuzha | Holy Mass & Jubilee Inauguration |

## MAY 2017

| | | | |
|---|---|---|---|
| 1 | am | Basilica Ekm. | First Holy Communion |
| | pm | Karayamparambu | Holy Mass & Jubilee Inauguration |
| 3 | am | Clarapuram | Holy Mass & Jubilee Celebration |
| | pm | Kalady | Final Profession, C.P.S. Sisters |
| 4 | am | N. Kuthiyathode | Ordination, Dn. Jinesh Mattackal C.Ss.R. |
| | pm | Bishop's House | Religious Priests' Meeting |
| | | Cherthala | Holy Mass & Convention Inauguration |
| 5 | pm | Beslehem | Holy Mass & Flag Hoisting |
| 6 | am | Sebipuram | Holy Mass & Convent Blessing, F.S.S.E. Sisters |
| | pm | Muringoor | Holy Mass & Blessing |
| 7 | am | Thannirmukkom | Holy Communion & Confirmation |
| | pm | Basilica Ekm. | Betrothal |
| | | Pothiyakkara | Holy Communion & Baptism |

| | | | |
|---|---|---|---|
| 8 | am | Renewal Centre | School Mangers' Meeting |
| | pm | Bishop's House | Finance Council Meeting |
| 9 | am | Kizhakkambalam | Monthly Recollection |
| 10 | pm | Bishop's House | Religious Vicars' Meeting |
| | | Bishop's House | Board Meeting, Lisie Hospital |



## Bishop Jose Puthenveettil

### APRIL 2017

| | | | |
|---|---|---|---|
| 1 | | Trivandrum | Holy Mass |
| 2 | am | Kokkamangalam | Holy Mass & Presbytery Blessing |
| | pm | Lisieu Nagar | C.L.C , World Day Programme Inauguration |
| 3 | pm | Malayattoor | Convention Inauguration |
| 4 | pm | Bishop's House | Consultors' Meeting |
| | | Renewal centre | Class, Family Apostolate |
| 5 | | Bishop's House | Day of Appointments |
| 6 | pm | Amballoor, Thrissur | Holy Mass & Message |
| 7 | pm | Bishop's House | Board Meeting, Naipunnya Welfare Service |
| | pm | Bishop's House | Board Meeting, N.I.M.I.T., Pongam |
| 8 | am | Thaikkattukara | Final Profession, C.M.C. Sisters |
| | | Bishop's House | Consultors' Fourn Meeting |
| 9 | am | Kizhakambalam | Palm Sunday |
| | pm | Ernakulam | Way of the Cross |
| 10 | am | Basilica Ekm. | Chrism Mass |
| 11 | pm | Renewal Centre | Class |
| 12 | | Bishop's House | Day of Appointments |
| 13 | am | Thrikkakara | Maundy Thursday |
| | pm | Puthuvassery | |
| 14 | am | Elamakara | Good Friday |

| | | | |
|---|---|---|---|
| 15 | am | Clarapuram | Holy Saturday with Migrants |
| 16 | pm | Basilica Ekm. | Easter Sunday |
| | am | Kakkanad | Holy Mass, Jail |
| 17 | | Bishop's House | Day of Appointments |
| 18 | am | S.H. Seminary | Holy Mass, Vocation Camp |
| | | Bishop's House | Board Meeting, Welfare Services Ekm. |
| | pm | Bishop's House | Board Meeting, B.M.C. Legal Studies |
| | | Bishop's House | Board Meeting, B.M.C. Choondy |
| | | Renewal Centre | Class |
| 20 - May 3 | | Ireland | |

## MAY 2017

| | | | |
|---|---|---|---|
| 4 | pm | Bishop's House | Meeting, Religious Asst. Vicars' Meeting |
| 5 | am | Edappally | Holy Mass |
| | | Bishop's House | Day of Appointments |
| 6 | am | Basilica Ekm | Confirmation |
| | | Basilica Ekm | Betrothal |
| | pm | Keezhumadu | Final Profession, Dorothean Sisters |
| 7 | am | Athani | Holy Mass, Communion & Confirmation |
| | pm | Thirumudikunnu | Holy Mass & Foundation Stone Blessing |
| 8 | am | Renewal Centre | School Managers' Meeting |
| | pm | Bishop's House | Finance Council Meeting |
| 9 | am | Elavoor, Kunnel | Holy Mass & Baptism & Confirmation (personal) |
| | pm | Renewal Centre | Class |
| 10 | am | Bishop's House | Religious Vicars' Meeting |
| | pm | Bishop's House | Board Meeting, Lisie Hospital |

* * * * *

## അഭിവന്ദ്യ എബ്രാഹം കാട്ടുമന പിതാവിന്റെ 22-ാം ചരമവാർഷികം (ഏപ്രിൽ 4)



ഏപ്രിൽ 04-ാം തീയതി **ചൊവ്വാഴ്ച** വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ എബ്രാഹം കാട്ടുമന പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. അന്നേദിവസം പിതാവിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്

## മൂറോൻ വെഞ്ചരിപ്പ്

### Renewal Day of the Priests

**<u>2017 April 10, Monday</u>**

| | | |
|---|---|---|
| Venue: | : | **St. Mary's Cathedral Basilica, Ekm.** |
| Time | : | 10.30 am to 1.00 pm |
| 10.30 am | : | Talk - V. Rev. Fr. Paul Achandy C.M.I. |
| 11.00 am | : | Confession |
| 11.30 am | : | Chrism Mass |
| 01.00 pm | : | Lunch |

വെഞ്ചരിച്ച മൂറോൻ തൈലം ഉച്ചഭക്ഷണത്തിനുശേഷം ലഭിക്കുന്നതാണ്.

# കച്ചേരിക്കാര്യം

## നാമഹേതുകത്തിരുനാൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത **കർദിനാൾ മാർ ജോർജ് ആലഞ്ചേരി** പിതാവിന് അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

## വൈദികരുടെ വാർഷികധ്യാനം - 2017

### നിവേദിത, ചുണങ്ങംവേലി.

**ബാച്ച് 1 : ജൂൺ 04 - 9 റവ. ഫാ. വർഗീസ് കൊറ്റാപറമ്പിൽ V.C.**
**ബാച്ച് 2 : ജൂൺ 11 - 16 റവ. ഫാ. അനിൽദേവ് I.M.S.**
**ബാച്ച് 3 : ജൂൺ 18 - 23 റവ. ഫാ. ജോർജ് കാരംവേലിൽ**
**ബാച്ച് 4 : ജൂൺ 25 - 30 റവ. ഫാ. ഡാനി OFM. Cap.**

### പ്രീസ്റ്റ് ഹോം, എടക്കുന്ന്.

**ബാച്ച് 5 : സെപ്റ്റം. 03 - 08 റവ. ഫാ. ജോർജ് ഓലിയപ്പുറം**

അതിരൂപതാ വൈദികർ എല്ലാവരും അതിരൂപതയിൽ നടത്തപ്പെടുന്ന പൊതുധ്യാനത്തിൽ ഏതെങ്കിലും ഒരു ബാച്ചിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**



**Msgr. Antony Nariculam** is given the additional charge of Syncellus for Parishes. The following are his main areas of ministry in the Archdiocese.

1. Meeting of Priests and Religious on Forane Level
2. Relations between Parishes and Institutions
3. Parish Boundary Setting
4. Forane Vicars' Meeting
5. Follow up for *Thirattu* submitting
6. Construction work in Parishes
7. Issues related to Parish Staff
8. Evaluation of Associations, Apostolates and Departments
9. Retreat for Sacristans and issues related to them
10. Camp for Altar Angels
11. Formation for Choir Members
12. Any other matter concerning the parishes as directed by the Bishops

**Cardinal George Alencherry**
**Archbishop**
**Major Archdiocese of Ernakulam-Angamaly**

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

### വിവാഹ ഒരുക്ക കോഴ്സ് (M.P.C.)

വിവാഹിതരാകാൻ ഉദ്ദേശിക്കുന്ന യുവതീയുവാക്കൾ വിവാഹവാഗ്ദാനത്തിന് (മനസമ്മതം) മുൻപുതന്നെ വിവാഹ ഒരുക്ക കോഴ്സിൽ **(M.P.C.)** സംബന്ധിക്കേണ്ടതാണ്. എന്നാൽ, തക്കതായ കാരണം മൂലം ആർക്കെങ്കിലും വിവാഹവാഗ്ദാനത്തിന് മുൻപ് വിവാഹ ഒരുക്ക കോഴ്സിൽ സംബന്ധിക്കുവാൻ സാധിക്കാതെ വന്നാൽ, വിവാഹത്തിന് മുൻപ് പ്രസ്തുത വ്യക്തി വിവാഹ ഒരുക്ക കോഴ്സിൽ സംബന്ധിക്കണമെന്ന ഉറപ്പിൻമേൽ വിവാഹവാഗ്ദാനത്തിനുള്ള **അനുവാദം വികാരിയച്ചൻമാർക്ക് നൽകാവുന്നതാണ്.**

### വിവാഹ ഒരുക്ക കോഴ്സ് (M.P.C.) നടത്തപ്പെടുന്ന സെന്ററുകൾ

ഇന്ത്യക്കകത്തും പുറത്തും വിവാഹ ഒരുക്ക കോഴ്സ് (M.P.C.) നടത്തുന്ന വിവിധ സെന്ററുകളിൽ നമ്മുടെ അതിരൂപത അംഗീകരിച്ചിട്ടുള്ള സെന്ററുകളിൽ (എറണാകുളം മിസ്സം 2014, ആഗസ്റ്റ്, പേജ് 33) നടത്തപ്പെടുന്ന കോഴ്സിന്റെ ദൈർഘ്യം (ദിവസങ്ങളുടെ എണ്ണം) എത്രയായാലും ആ കോഴ്സിന് എറണാകുളം-അങ്കമാലി അതിരൂപതയിൽ അംഗീകാരം ഉണ്ടായിരിക്കുന്നതാണ്.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

---

## സ്വതന്ത്ര ഇടവകയായി ഉയർത്തി

ഇടപ്പള്ളി ഫൊറോനാ പള്ളിയുടെ കുരിശുപള്ളിയായിരുന്ന **കാർഡിനൽ നഗർ ബ്ലസഡ് സാക്രമെന്റ്** പള്ളിയെ **BO/CANGR/5**-നമ്പർ കല്പനയിലൂടെ **2017 മാർച്ച് 19-ാം** തീയതി കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് സ്വതന്ത്ര ഇടവകയായി ഉയർത്തി. പ്രസ്തുത ദിവസം ആ പള്ളിയിൽ ഇതിനോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങൾക്കും വി. കുർബാനയ്ക്കും അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

ചാൻസലർ

## വൈദികരുടെ ശ്രദ്ധയ്ക്ക്

- ഇടവകകളിലെ പ്രതിനിധിയോഗത്തിൽ വിവിധ കമ്മിറ്റികളെ രൂപപ്പെടുത്താം. ലിറ്റർജി, യുവജനം, പ്രശ്നപരിഹാര സെൽ മുതലായവ. ഓരോ മീറ്റിംഗിനും അവരുടെ പങ്കുവയ്പും ചർച്ചകളും ഇടവക പ്രതിനിധി യോഗത്തെ സജീവമാക്കുകയും എല്ലാവർക്കും അർഹമായ പങ്കാളിത്തം ലഭിക്കുകയും ചെയ്യും.

- ഓരോ ദിവസവും ഇടവകയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ പ്രാധാന്യം അനുസരിച്ച് അനുദിന ജീവിതം ക്രമീകരിക്കുന്നതിന് പകരം, ഇടവക ജീവിതത്തിൽ സംഭവിക്കേണ്ട കാര്യങ്ങളുടെ പ്രാധാന്യമനുസരിച്ച് ദിവസങ്ങളെ ക്രമീകരിച്ചാൽ പ്രധാനപ്പെട്ട പല കാര്യങ്ങളും മുടക്കം കൂടാതെ നമുക്ക് ചെയ്യുവാൻ സാധിക്കും. ഉദാ:- രോഗീസന്ദർശനം, ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവരെ കാണുകയും സംസാരിക്കുകയും ചെയ്യുക, പള്ളിയിലെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുക... മുതലായവ.

- കാലത്തിന്റെ സൂചനകൾ പരിഗണിച്ചും പ്രകൃതി സംരക്ഷണത്തിന് മുൻതൂക്കം നൽകിയും അജപാലന ദൗത്യത്തിന് ഹൃദയസമാനമായ പ്രധാന്യം കൊടുക്കാം. വളരെ അത്യാവശ്യമുണ്ടെങ്കിൽ മാത്രമേ ഇനി നാം നിർമ്മാണപ്രവർത്തനങ്ങൾ നടത്താവൂ. അഞ്ചുവട്ടം ചിന്തിച്ചും പത്തുവട്ടം പ്രാർത്ഥിച്ചതിനും ശേഷം മാത്രമേ നിർമ്മാണപ്രവർത്തനങ്ങളുടെ വിഷയം ഇടവകസമിതിയിൽ ചർച്ചക്ക് വിടാവൂ.

**സെബാസ്റ്റ്യൻ പിതാവ്**

# അൾത്താര സംഘം ക്യാമ്പ്

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ,

വർഷം തോറും അതിരൂപതാ തലത്തിൽ നടത്തിവരാറുള്ള അൾത്താര കുട്ടികളുടെ ക്യാമ്പ് ഈ വർഷവും നടത്തപ്പെടുകയാണ്. അതിരൂപതയിലെ 16 ഫൊറോനകളിൽ നിന്നുമുള്ള കുട്ടികൾക്ക് 2 ബാച്ചുകളിലായിട്ടായിരിക്കും ക്യാമ്പ് നടത്തപ്പെടുക. ക്യാമ്പിൽ പങ്കെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടണ്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. ഒരു ഇടവകയിൽ നിന്ന് അഞ്ച് കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്.
2. ഇതുവരെ ഈ ക്യാമ്പിൽ പങ്കെടുക്കാത്ത കുട്ടികൾക്കാണ് മുൻഗണന.
3. **ആദ്യ ദിവസം വൈകുന്നേരം 4.00 മണി മുതൽ മൂന്നാം ദിവസം വൈകുന്നേരം 4.00 മണിവരെയായിരിക്കും ക്യാമ്പ് നടത്തപ്പെടുക.**
4. ആൺകുട്ടികളേയും പെൺകുട്ടികളേയും പങ്കെടുപ്പിക്കാൻ ശ്രമിക്കണം.
5. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 150 പേർക്കായിരിക്കും ഓരോ ബാച്ചിലും അവസരം ലഭിക്കുക.ഫോൺ മുഖേന രജിസ്ട്രേഷൻ നടത്താവുന്നതാണ്. (**ഫോൺ: 0484 2347686, 9387074654, 9446360758**).

## ബാച്ച് 1:

തിയതി: **2017 മെയ് 3, 4, 5 (ബുധൻ, വ്യാഴം, വെള്ളി)**

ഫൊറോനകൾ: അങ്കമാലി, ചേർത്തല, എറണാകുളം, കാഞ്ഞൂർ, കിഴക്കമ്പലം, കറുകുറ്റി, മൂക്കന്നൂർ, തൃപ്പൂണിത്തുറ,

## ബാച്ച് 2:

തിയതി: **2017 മെയ് 15, 16, 17 (തിങ്കൾ, ചൊവ്വ, ബുധൻ,)**

ഫൊറോനകൾ: കൊരട്ടി, മഞ്ഞപ്ര, മൂഴിക്കുളം, പള്ളിപ്പുറം, പറവൂർ, ഇടപ്പള്ളി, വൈക്കം, വല്ലം.

സ്ഥലം: **റിന്യൂവൽ സെന്റർ, കലൂർ**

**ഫാ. തോമസ് പേരേപ്പാടൻ**
**(9447060396)**

**ഫാ. ഡെന്നി കാട്ടയിൽ**
**(9446360758)**

# വൊക്കേഷൻ പ്രൊമോഷൻ

## വൊക്കേഷൻ ക്യാമ്പ്

നമ്മുടെ അതിരൂപത മൈനർ സെമിനാരിയിൽ ചേർന്ന് ഇടവക വൈദികനാകാൻ ആഗ്രഹമുള്ള **10, 12, ഡിഗ്രി** ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള രണ്ടാമത്തെ മേജർ വൊക്കേഷൻ ക്യാമ്പ് **2017 ഏപ്രിൽ 18 ചൊവ്വ വൈകിട്ട് 4.00 മുതൽ ഏപ്രിൽ 20 വ്യാഴം വൈകിട്ട് 4.00 വരെ തൃക്കാക്കര മൈനർ സെമിനാരി**യിൽ നത്തപ്പെടുകയാണ്. ദൈവവിളിയോട് ആഭിമുഖ്യമുള്ള താല്പര്യമുള്ള കുട്ടികളെ ബഹു. വികാരിയച്ചന്മാർ ഈ ക്യാമ്പിലേക്ക് പറഞ്ഞയക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

## മൈനർ സെമിനാരിയിലേക്കുള്ള ഇന്റർവ്യൂ

അതിരൂപതാ മൈനർ സെമിനാരിയിൽ ചേർക്കുന്ന കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് **2017 ഏപ്രിൽ 28 വെള്ളി രാവിലെ 9.00 മുതൽ വൈകിട്ട് 5.00 വരെ തൃക്കാക്കര മൈനർ സെമിനാരിയിൽ** നടത്തുന്നതാണ്.

**ഫാ. മാത്യു (ഡെന്നി) കാട്ടയിൽ**
**വൊക്കേഷൻ പ്രൊമോട്ടർ**
**9446360758, 0484-2985331**

# എന്റെ രക്ഷകൻ – ബൈബിൾ മെഗാഷോ

അഖിലേന്ത്യാതലത്തിലും ലോകത്തിൽ തന്നെയും അറിയപ്പെടുന്ന കലാ പ്രതിഭയായ സൂര്യ കൃഷ്ണമൂർത്തി രംഗാവിഷ്ക്കാരവും സംവിധാനവും നിർവ്വഹിച്ച ***എന്റെ രക്ഷകൻ*** എന്ന ബൈബിൾ മെഗാഷോയെക്കുറിച്ച് പത്ര – ദൃശ്യ മാധ്യമങ്ങളിലൂടെ ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. രണ്ട് മണിക്കൂർ നീളുന്ന ഈ ബൈബിൾ മെഗാഷോയുടെ ഗാനരചന വി. മധുസൂദനൻ നായരും സംഗീത സംവിധാനം പണ്ഡിറ്റ് രമേഷ് നാരായണനുമാണ് നിർവഹിച്ചിരിക്കുന്നത്. അത്യാധുനിക സാങ്കേതിക വിദ്യകളിലൂടെ 10000 ചതുരശ്ര അടി വിസ്തീർണമുള്ളതും, രണ്ടുനില കെട്ടിടത്തിന്റെ ഉയരമുള്ള സെറ്റുകൾ നിറയുന്നതുമായ സ്റ്റേജിൽ 150 ഓളം വരുന്ന നാനാജാതി മതസ്ഥരായ കലാകാരൻമാരാണ് ഈ ബൈബിൾ ദൃശ്യ വിസ്മയം പ്രേഷകർക്കായി ഒരുക്കുന്നത്. 50–ൽപ്പരം പക്ഷിമൃഗാദികളും രംഗത്ത് വരുന്നു. 1300 പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച തിയേറ്റർ സംവിധാനത്തിലാണ് പ്രേഷകർ ഈ കലാവിരുന്ന് ആസ്വദിക്കുന്നത്. 'എന്റെ രക്ഷകൻ' എന്ന ബൈബിൾ മെഗാഷോ പ്രദർശനങ്ങളുടെ ഔദ്യോഗികമായ ഉദ്ഘാടനം അഭിവന്ദ്യ ആലഞ്ചേരി പിതാവാണ് കുറച്ചുനാളുകൾക്കുമുമ്പ് നിർവ്വഹിച്ചത്. അഭിവന്ദ്യ പിതാവിന്റെ നിർദേശപ്രകാരവും അതിരൂപതയുടെ താല്പര്യപ്രകാരവും സുബോധന പാസ്റ്ററൽ സെന്റർ ഇത് ഏറ്റെടുത്ത് നടത്തുകയാണ്. മെയ് 5,6,7,8,9 തീയതികളിൽ അങ്കമാലി സെന്റ് ജോസഫ് ഹൈസ്ക്കൂൾ ഗ്രൗണ്ടിലാണ് ഷോ ക്രമീകരിക്കുന്നത്. ഓരോ ദിവസവും വൈകിട്ട് 6.30 മണിക്കും 9.30 മണിക്കും രണ്ട് ഷോകൾ വീതം ഉണ്ടായിരിക്കും. ഏകദേശം 60 ലക്ഷത്തോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന മെഗാഷോയുടെ പ്രവേശനം വിവിധ നിരക്കുകളിലുള്ള ടിക്കറ്റുകൾ വഴിയായിരിക്കും നടത്തുക. ഈശോയെന്ന രക്ഷകനെ മനോഹരമായ കലാസൃഷ്ടിയിലൂടെ നമ്മുടെ വിശ്വാസികൾക്കും നാനാജാതി മതസ്ഥർക്കും അവരുടെ ഹൃദയങ്ങളെ തൊടുന്ന രീതിയിൽ അവതരിപ്പിക്കുന്ന ഈ വലിയ സുവിശേഷ പ്രഘോഷണ സംരഭത്തിന് വേണ്ട മുഴുവൻ സഹായ സഹകരണങ്ങളും ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും വിശ്വാസികളും കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിരൂപതയുടെ ആഭിമുഖ്യത്തിൽ സുബോധന ഒരുക്കുന്ന എന്റെ രക്ഷകൻ എന്ന ബൈബിൾ മെഗാഷോയെക്കുറിച്ച് ഇടവകകളിൽ പറയുകയും വിവരങ്ങൾ പ്രദർശിപ്പിക്കുകയും ജനങ്ങളെ പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ നേതൃത്വം കൊടുക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# അതിരൂപതാ അജപാലന സമിതിയുടെ

## 9-ാമത് യോഗ റിപ്പോർട്ട്

2014-2017 പാസ്റ്ററൽ കൗൺസിലിന്റെ ഒമ്പതാമതു യോഗം കലൂർ റിന്യൂവൽ സെന്ററിൽ 2016 ഡിസംബർ 10 ശനി രാവിലെ 10.00-ന് പ്രാർഥനയോടെ ആരംഭിച്ചു. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അദ്ധ്യക്ഷതയിലായിരുന്നു യോഗം.

സംഗീതസംവിധായകൻ രാജൻ ആന്റണി വള്ളുവള്ളി പ്രാർഥന നയിച്ചു. പരേതരെ അനുസ്മരിച്ചു. കൗൺസിൽ അംഗം സജി പോൾ സ്വാഗതം ആശംസിച്ചു. സെക്രട്ടറി സിജോ പൈനാടത്ത് മുൻയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

“സഭയും ദളിത് ക്രൈസ്തവരും” എന്ന വിഷയത്തിലായിരുന്നു കൗൺസിൽ യോഗത്തിലെ മുഖ്യ ചർച്ച. ദളിത് ക്രൈസ്തവരുടെ അവകാശസംരക്ഷണത്തിനും ക്ഷേമത്തിനും രാഷ്ട്രവും സഭയും കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ടെന്നു മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

ഭാരതത്തിന്റെ സാമൂഹ്യ, സാംസ്കാരിക സാഹചര്യങ്ങളിൽ ദളിതർ അവഗണന അനുഭവിച്ചിട്ടുണ്ട്. പല രാഷ്ട്രീയകക്ഷികളും ഈ ജനതയുടെ ഉന്നമനത്തിനായി ശ്രമം നടത്തിയില്ലെന്നതു ഖേദകരമാണ്. പാവങ്ങളോടു ചേർന്നാണ് എന്നും സഭ സഞ്ചരിക്കുന്നത്. ദളിത് സമൂഹം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കുള്ള പരിഹാരത്തിനു സഭാമക്കളേവരും കൈകോർക്കണം. ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സഭയുടെ ശ്രമങ്ങൾ തുടരുമ്പോൾ തന്നെ, സഭയ്ക്കുള്ളിൽ ഇവരെ ചേർത്തുനിർത്താനും കൂടുതൽ അംഗീകാരം നൽകാനും ഇനിയും അവസരമുണ്ടാകണമെന്നും കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു.

വിവിധ മേഖലകളിൽ മികവു തെളിയിച്ച സിസ്റ്റർ ജീസ സി.എം.സി., ചേർത്തല, ആൻ ആന്റു മേക്കാട്, രാജൻ ആന്റണി വള്ളുവള്ളി എന്നിവരെ ചടങ്ങിൽ ആദരിച്ചു. കൗൺസിൽ അംഗങ്ങളായ ടോമി ഏബ്രഹാം, സൈന ആന്റു, ഡെയ്സി ബാബു എന്നിവർ ആദരിക്കപ്പെട്ടവരെ പരിചയപ്പെടുത്തി. അഭിവന്ദ്യ മെത്രാന്മാർ മൂവരെയും പൊന്നാടയണിയിച്ച് ഉപഹാരങ്ങൾ കൈമാറി. മറുപടി പ്രസംഗവും ആൻ ആന്റുവിന്റെ ഗാനാലാപനവും ഉണ്ടായിരുന്നു. കൗൺസിലിലെ പുതിയ അംഗങ്ങളെ പൂക്കൾ നൽകി സ്വീകരിച്ചു.

"സഭയും ദളിത് ക്രൈസ്തവരും" എന്ന വിഷയത്തിൽ ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് പാറേക്കാട്ടിൽ പ്രബന്ധാവതരണം നടത്തി. ഡി.സി.എം.എസ്. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം അനു മാർട്ടിൻ പ്രതികരണങ്ങൾ അവതരിപ്പിച്ചു. വൈക്കം ഫൊറോനാ വികാരി ഫാ. പോൾ ചിറ്റിനപ്പിള്ളി മോഡറേറ്ററായിരുന്നു.

അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും ഡയറക്ടർമാരുമായി പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ആശയവിനിമയം നടത്തുന്നതിന് അവസരമൊരുക്കുന്നതിനായി ആവിഷ്കരിച്ച 'നമ്മുടെ അതിരൂപത, നമ്മുടെ സ്ഥാപനം' പരിപാടി ഒമ്പതാമതു യോഗത്തിൽ ആരം ഭിച്ചു. എറണാകുളം ലിസി ആശുപത്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ചായിരു ന്നു ആദ്യഭാഗത്തിലെ അവതരണം. ആശുപത്രി ഡയറക്ടർ ഫാ. തോമസ് വൈക്കത്തുപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗീസ് പാലാട്ടി എന്നി വർ ആശുപത്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരിച്ചു. ആശുപത്രി യുടെ വളർച്ചയിൽ പാസ്റ്ററൽ കൗൺസിൽ അഭിമാനവും സന്തോഷവും രേഖ പ്പെടുത്തി. ഒപ്പം, ആശുപത്രിയുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും നിർദേശ ങ്ങളും അംഗങ്ങൾ അവതരിപ്പിച്ചു.

ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ബിഷപ് മാർ ജോസ് പുത്തൻ വീട്ടിൽ എന്നിവർ അതിരൂപത കർമ്മപരിപാടികൾ വിശദീകരിച്ചു. രൂക്ഷമാകുന്ന പെരിയാർ മലിനീകരണത്തെക്കുറിച്ചു ഫാ. അഗസ്റ്റിൻ വട്ടോലി സംസാരിച്ചു. ലക്ഷക്കണക്കിനു ജനങ്ങളുടെയും പരിസ്ഥിതിയുടെയും നിലനിൽപിന് ആ ധാരമായ പെരിയാർ സംരക്ഷണത്തിനുള്ള ബോധവത്കരണത്തിന് അതിരൂ പത പ്രാധാന്യം നൽകുന്നത് പ്രതീക്ഷാവഹമാണെന്ന് അദ്ദേഹം പറഞ്ഞു. പെരിയാർ മലിനീകരണത്തിനെതിരെ സന്നദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് അതിരൂപതാതലത്തിൽ കർമ്മപരിപാടികൾ ഇനിയും ആവിഷ്കരിക്കേണ്ടതു ണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇടവകകളുടെ സാമ്പത്തിക ക്രയവിക്രയങ്ങൾ സുതാര്യമാകേണ്ടതിന്റെ ആവ ശ്യകത, സംഘടനകളുടെ അക്കൗണ്ടുകളുടെ അവലോകനം, പൗരോഹിത്യ സ്വീകരണ ചടങ്ങുകളിലും പള്ളിയുമായി ബന്ധപ്പെട്ട മറ്റു പരിപാടികളിലും ഫ്ളക്സുകൾ അമിതമായി ഉപയോഗിക്കുന്നതും തിരുനാളുകൾക്കു വലിയ തുക മുടക്കി സപ്ലിമെന്റുകൾ പുറത്തിറക്കുന്നതും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം തുടങ്ങി വിവിധ വിഷയങ്ങൾ പൊതു ചർച്ചയിൽ അംഗങ്ങൾ ഉന്നയിച്ചു. പാസ്റ്ററൽ കൗൺസിൽ സോഷ്യൽ സർവീസ് കമ്മീഷൻ അംഗം പൗലോസ് മാടശേരി പൊതുചർച്ചയിൽ മോഡറേറ്ററായിരുന്നു.

ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ, ജിയോ മഴുവഞ്ചേരി, ബോബി പോൾ, സാബു ജോസ്, ജെയ്മോൻ തോട്ടുപുറം, പ്രഫ. ജോർജ് ഫിലിപ്പ്, സാജു തായങ്കരി, എ.പി. മാർട്ടിൻ, ടോമി ഏബ്രഹാം, ബോബി ജോൺ, മിനി പോൾ, പി.പി. വർഗീസ് തുടങ്ങിയവർ വിവിധ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു.

സി.എം.സി. മേരിമാതാ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ. ഡോ. പ്രസന്ന ക്രിസ്മസ് സന്ദേശം നൽകി. മേജർ ആർച്ച്ബിഷപ്പും സഹായമെത്രാന്മാരും അല്മായ പ്രതിനിധികളും ചേർന്നു ക്രിസ്മസ് കേക്ക് മുറിച്ചു.

പാസ്റ്ററൽ കൗൺസിൽ വിദ്യാഭ്യാസ കമ്മീഷൻ അംഗം ജെവിമോൾ ജോസ് കൃതജ്ഞത പറഞ്ഞു. പിതാക്കന്മാരുടെ പ്രാർഥനാശീർവാദത്തോടെ ഒമ്പതാമത് പാസ്റ്ററൽ കൗൺസിൽ യോഗം സമാപിച്ചു.

*സിജോ പൈനാടത്ത്*
*സെക്രട്ടറി*

---


## Congregation of Sisters of Nazareth (C.S.N.)
**St. Joseph's Province, Angamaly.**



Provincial Superior : Sr. Gracia C.S.N.
Councillors : Sr. Gladys C.S.N.
Sr. Ann Mary C.S.N.
Sr. Alphonse C.S.N.
Sr. Rani C.S.N.
Sr. Anisha C.S.N.

**പുതിയ സാരഥികൾക്ക്**
**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!**



# നിര്യാതരായി



## ഫാ. ഫ്രാൻസിസ് തച്ചിൽ

**ജനനം 06/03/1934**
**തിരുപ്പട്ടം 11/03/1961**
**മരണം 28/02/2017**

ബഹുമാനപ്പെട്ട ഫ്രാൻസിസച്ചൻ 1934 മാർച്ച് 6-ാം തീയതി നോർത്ത് കുത്തിയതോട് തച്ചിൽ ഇയ്യപ്പൻ-എനേസ്യ ദമ്പതികളുടെ അഞ്ച് മക്കളിൽ ഏറ്റവും ഇളയമകനായി ജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസ ജീവിതത്തിൽ വളർന്ന അച്ചൻ, സ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന്, മംഗലപ്പുഴ മേജർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1961 മാർച്ച് 11-ാം തീയതി അഭിവന്ദ്യ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ മഞ്ഞപ്ര, വൈക്കം ഫൊറോനാ പള്ളികളിൽ സഹവികാരിയായും (വൈക്കത്ത് സേവനം ചെയ്യുമ്പോൾ തൃണയംകുടം പള്ളിയുടെ ഉത്തരവാദിത്വവും), നമ്മുടെ അതിരൂപതാ അസിസ്റ്റന്റ് പ്രൊക്കുറേറ്ററായും, തുടർന്ന്, പ്രൊക്കുറേറ്ററായും കൊരട്ടി, ഇടപ്പള്ളി, മേക്കാട്, തലയോലപ്പറമ്പ്, കോട്ടക്കാവ്, മൂഴിക്കുളം, ചുണങ്ങംവേലി, കോട്ടപ്പറമ്പ് എന്നീ ഇടവകകളിൽ വികാരിയായും ബ. ഫ്രാൻസീസച്ചൻ നിസ്തുലമായ സേവനം കാഴ്ചവച്ചു. 2012-ൽ ഇടവകയുടെ ചുമതലയിൽ നിന്ന് മാറിയ ഫ്രാൻസിസച്ചൻ പഴങ്ങനാട്, കോന്തുരുത്തി പള്ളികളിൽ റസിഡന്റ് പ്രീസ്റ്റ് ആയും, എളവൂർ യാനത്തിൽ കപ്ലോനായും സേവനം ചെയ്തു. തുടർന്ന്, എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു. നീണ്ട 56 വർഷത്തെ ധന്യമായ പൗരോഹിത്യ ജീവിതത്തിനുശേഷം 2017 ഫെബ്രുവരി 28-ാം തീയതി, ചൊവ്വാഴ്ച രാവിലെ 10.23-ന് അങ്കമാലി എൽ.എഫ്. ആശുപത്രി

യിൽവച്ച്, 83-ാം വയസ്സിൽ, ബ. ഫ്രാൻസിസച്ചൻ ഈ ലോകത്തോട് യാത്ര പറഞ്ഞു.

അങ്കമാലി എൽ.എഫ്. ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന ബ. ഫ്രാൻസിസ് അച്ചന്റെ മൃതദേഹം 2017 മാർച്ച് 1-ാം തീയതി രാവിലെ 8.00 മണിക്ക് എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിലേക്കു കൊണ്ടുപോയി. കറുകുറ്റി ഫൊറോനാ പള്ളി വികാരി പെ. ബ. ജോയ് കണ്ണമ്പുഴ അച്ചൻ മൃതദേഹസംസ്ക്കാരത്തിന്റെ ഒന്നാംഭാഗം അവിടെ നടത്തി. 8.45-ന് അച്ചന്റെ മൃതദേഹം അവിടെനിന്നും അച്ചന്റെ വീട്ടിലേക്കു കൊണ്ടുപോകുകയും 9.30 മുതൽ 12.00 മണിവരെ വീട്ടിൽ പൊതുദർശനത്തിനു വയ്ക്കുകയും ചെയ്തു. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. 12.00 മണിക്ക് അച്ചന്റെ മൃതദേഹം കുത്തിയതോട് സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഇടവക ദേവാലയത്തിലേക്ക് കൊണ്ടുപോയി. നിരവധി വൈദികരും സിസ്റ്റേഴ്സും സമൂഹത്തിന്റെ നാനാതുറകളിൽനിന്നുള്ളവരും അവിടെ വന്ന് അച്ചന് അന്തിമോപചാരം അർപ്പിച്ചു. ഫരീദാബാദ് രൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര പിതാവ് മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ബ. ഫ്രാൻസിസ് തച്ചിൽ അച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആരംഭിച്ചു. മാർ ജേക്കബ് മനത്തോടത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ തോമസ് ചക്യത്ത് എന്നീ പിതാക്കന്മാരും ബ. ജോസ് തച്ചിൽ (Jr.) അച്ചനും (മദ്ബഹയിൽ), വളരെ ഏറെ വൈദികരും സഹകാർമ്മികരായിരുന്നു. വിശുദ്ധഗ്രന്ഥ പാരായണത്തിനുശേഷം ബ. ജോസ് തച്ചിൽ (Jr.) അച്ചൻ തുറന്നുപിടിച്ച സുവിശേഷഗ്രന്ഥം ബ. ഫ്രാൻസിസ് തച്ചിൽ അച്ചനെ മുത്തിക്കുകയും ചെയ്തു. ഫ്രാൻസിസ് അച്ചൻ റസിഡന്റ് പ്രീസ്റ്റ് ആയി കോന്തുരുത്തിയിൽ സേവനം ചെയ്യുമ്പോൾ ആ പള്ളിയിലെ വികാരിയായിരുന്ന ബ. തോമസ് പൈനാടത്ത് അച്ചനാണ് തിരുവചന സന്ദേശം നൽകിയത്. നമ്മുടെ അതിരൂപതയ്ക്ക് സാമ്പത്തികമായ ഒരു അടിത്തറ പാകി അതിലൂടെ ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ദൗത്യം

ഏല്പിക്കുവാൻ അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവ് കണ്ടെത്തിയ വ്യക്തി ബ. ഫ്രാൻസിസ് തച്ചിൽ അച്ചനായിരുന്നു. 18 വർഷക്കാലം പ്രസ്തുത ദൗത്യം വളരെ സ്തുത്യർഹമായി അച്ചൻ അതിരൂപതയ്ക്ക് കാഴ്ചവച്ചു. എല്ലാ മാസത്തിന്റേയും ആദ്യ ദിവസം തന്നെ തലേ മാസത്തെ കണക്കുകൾ ഒരു പൈസപോലും വ്യത്യാസമില്ലാതെ വളരെ കൃത്യമായി എഴുതി അഭിവന്ദ്യ പിതാവിന്റെ മുൻപിൽ അച്ചൻ ഹാജരാക്കിയിരുന്നു. വളരെയേറെ വിശ്വസ്തതയും ആത്മാർത്ഥതയും നിറഞ്ഞ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബ. ഫ്രാൻസിസ് അച്ചൻ. തന്റെ ഹൃദയത്തിൽ ഒത്തിരിയേറെ സ്നേഹം കാത്തുസൂക്ഷിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ബ. ഫ്രാൻസിസ് അച്ചൻ എന്ന് അച്ചനോടു വളരെ അടുത്തിടപഴകിയിരുന്നവർ അനുഭവിച്ചിരുന്നുവെന്നും കാനോന നമസ്കാര പ്രാർത്ഥനകൾ ചൊല്ലുന്നതിൽ വളരെ താല്പര്യവും കൃത്യതയും ഉണ്ടായിരുന്ന ഒരു വൈദികനായിരുന്നു തച്ചിലച്ചനെന്നും തന്റെ പ്രസംഗമദ്ധ്യേ ബ. പൈനാടത്ത് അച്ചൻ സൂചിപ്പിച്ചു.

ബ. പൈനാടത്തച്ചന്റെ പ്രസംഗത്തിനുശേഷം അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവും ബ. ഫ്രാൻസിസ് അച്ചനെക്കുറിച്ച് സംസാരിച്ചു. അതിരൂപതയുടെ സാമ്പത്തിക കാര്യങ്ങൾ വളരെ വിശ്വസ്തതയോടും ആത്മാർത്ഥതയോടും കൃത്യതയോടുംകൂടി നിർവ്വഹിച്ച ഒരു വൈദികനായിരുന്നു ബ. തച്ചിൽ അച്ചൻ. അതിരൂപതാ പാസ്റ്ററൽ സെന്ററായ കലൂർ റിന്യൂവൽ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം വളരെ സന്തോഷപൂർവ്വം ഏറ്റെടുത്ത് പ്രതിബന്ധങ്ങളുടെ നടുവിലും വളരെ ഉറച്ച മനസ്സോടെ ആ പണികൾ വിജയിപ്പിക്കുവാൻ അച്ചനു സാധിച്ചുവെന്ന് പിതാവ് പറയുകയുണ്ടായി.

എറണാകുളം-അങ്കമാലി അതിരൂപതയുടെ സാമ്പത്തിക ഭദ്രത ഉറപ്പിക്കുന്നതിന് അച്ചൻ നടപ്പിലാക്കിയ പദ്ധതികൾ സ്തുത്യർഹമാണ്. നിർമ്മാണ പ്രവർത്തനങ്ങളിലുള്ള അച്ചന്റെ കഴിവ് എടുത്തുപറയേണ്ടതാണ്. അതിരൂപതാ പ്രൊക്കുറേറ്ററായിരുന്ന കാലത്ത് പല പള്ളികളുടെ നിർമ്മാണങ്ങൾക്കും, കൂടാതെ, കൊരട്ടി സെന്റ് മേരീസ് ഫൊറോനാ പള്ളി പണി പൂർത്തീകരണത്തിനും, ചുണങ്ങംവേലി സെന്റ് ജോസഫ് പള്ളിയുടെ നിർമ്മാണത്തിനും ഫ്രാൻസിസ് അച്ചനാണ് നേതൃത്വം നൽകിയത്. എറണാകുളത്തെ കാത്തലിക് സെന്റർ,

ആലുവയിലെ ലൂർദ് സെന്റർ, കാത്തലിക് സെന്റർ – ഇവ അച്ചന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായി രൂപപ്പെട്ടവയാണ്. ബ. തച്ചിലച്ചന്റെ ജീവിതത്തിലുടനീളം തെളിഞ്ഞുകാണുന്ന സവിശേഷതയാണ് സുതാര്യത. സാമ്പത്തിക കാര്യങ്ങളിൽ മാത്രമല്ല, അജപാലന പ്രവർത്തനങ്ങളിലും അകവും പുറവും ചേർന്നുനിൽക്കുന്ന നേരിന്റെ ശൈലി അച്ചൻ കാത്ത് സൂക്ഷിച്ചിരുന്നു. തന്റെ കൂടെ സേവനം ചെയ്ത വൈദികരോട് അളവറ്റ സ്നേഹവും, ആദരവും, കരുതലും അച്ചൻ എന്നും പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അവരുടെ ഹൃദയങ്ങളിൽ പിതൃവാത്സല്യത്തിന്റെ ആൾരൂപമായി അച്ചൻ നിറഞ്ഞുനിൽക്കുന്നു. ഏതൊരു കാര്യത്തിലും നിലപാടുകൾ ഉണ്ടായിരുന്നവനും അവ തുറന്നു പറയുന്നതിൽ മടിയില്ലാത്ത വ്യക്തിയുമായിരുന്നു തച്ചിലച്ചൻ.

കർമ്മയോഗിയായിരുന്ന ഈ വന്ദ്യ വൈദികൻ തന്റെ പ്രവർത്തനരംഗങ്ങളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ബ. ഫ്രാൻസിസ് അച്ചന്റെ നിസ്തുലമായ സേവനങ്ങൾക്ക് തക്ക പ്രതിഫലം നൽകുവാൻ, നീതിമാന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് അച്ചനെ ദൈവം വിളിച്ചിരിക്കുകയാണ്. ദൈവത്തോടുകൂടിയായിരിക്കുന്ന ഫ്രാൻസിസ് അച്ചൻ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുമെന്ന് പ്രത്യാശിക്കാം. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് അച്ചനിലൂടെ ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾക്കും നന്മകൾക്കും അനന്തകാരുണ്യവാനായ ദൈവത്തോട് നമുക്ക് നന്ദി പറയാം. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരാം. അച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളേയും ബന്ധുമിത്രാദികളേയും ദൈവം സമാശ്വസിപ്പിക്കട്ടെ. 56 വർഷക്കാലത്തെ പൗരോഹിത്യജീവിതം വിശ്വസ്തതാപൂർവ്വം ഓടി പൂർത്തിയാക്കി, നമുക്ക് മാതൃകയായിത്തീർന്ന ബ. ഫ്രാൻസിസ് തച്ചിൽ അച്ചന്റെ നന്മകളും ഗുണങ്ങളും നമ്മുടെ ജീവിതത്തിൽ തുടർന്നുകൊണ്ട് അച്ചന്റെ ഓർമ്മ നമുക്ക് നിലനിർത്താം. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകുന്നുവെങ്കിലും പൗരോഹിത്യ ശുശ്രൂഷയിൽ നമുക്ക് മാതൃകയായ ബ. ഫ്രാൻസിസ് തച്ചിൽ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!

■



# ഫാ. ആന്റണി കവലക്കാട്ട്

**ജനനം 19/06/1940**
**തിരുപ്പട്ടം 17/12/1968**
**മരണം 13/03/2017**

ബഹുമാനപ്പെട്ട ആന്റണിയച്ചൻ 1940 ജൂൺ 19-ാം തീയതി കാടുകുറ്റി കവലക്കാട്ട് ഇട്ടീര -മറിയം ദമ്പതികളുടെ ഏഴ് മക്കളിൽ മൂത്ത മകനായി ജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസ ജീവിതത്തിൽ വളർന്ന അച്ചൻ, സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന്, മംഗലപ്പുഴ മേജർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1968 ഡിസംബർ 17-ാം തീയതി അഭിവന്ദ്യ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ മഞ്ഞപ്ര, അങ്കമാലി എന്നീ ഫൊറോനകളിൽ സഹവികാരിയായും, തുടർന്ന് കുന്നേൽ (ആലങ്ങാട്), പെരുമാനൂർ, തുറവൂർ, തിരുമുടിക്കുന്ന്, മലയാറ്റൂർ, കുരിശുമുടി റെക്ടർ, മേക്കാട്, പ്രസന്നപുരം എന്നീ ഇടവകകളിൽ വികാരിയായും എറണാകുളം വെൽഫയർ സർവ്വീസസിന്റെ സെക്രട്ടറിയായും നമ്മുടെ അതിരൂപതാ അസിസ്റ്റന്റ് ചാൻസലറായും അതോടൊപ്പം എൻ.എ.ഡി. പുരം പള്ളിയിലും ബഹുമാനപ്പെട്ട ആന്റണിയച്ചൻ നിസ്തുലമായ സേവനം ചെയ്തു. 2015-ൽ ഇടവക ശുശ്രൂഷകളിൽ നിന്നും വിരമിച്ച ആന്റണിയച്ചൻ വീട്ടിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു. ചികിത്സയിലായിരുന്ന അച്ചൻ തന്റെ രോഗത്തെയും വേദനകളെയും വളരെ ശാന്തതയോടെയാണ് സ്വീകരിച്ചത്. നീണ്ട 49 വർഷത്തെ ധന്യമായ പൗരോഹിത്യ ജീവിതത്തിനുശേഷം 2017 മാർച്ച് 13-ാം തിയതി രാവിലെ 8.40-ന്, 77-ാം വയസ്സിൽ അച്ചൻ ഈ ലോകത്തോട് യാത്ര പറഞ്ഞു.

അങ്കമാലി എൽ. എഫ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന ബ. കവലക്കാട്ടച്ചന്റെ മൃതദേഹം മാർച്ച് 14-ന് വൈകീട്ട് 4.00 മണിക്ക് അച്ചന്റെ വീട്ടിലേക്ക് കൊണ്ടുപോവുകയും 15-ാം തീയതി 12.00 മണിവരെ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു. നിരവധിപേർ അവിടെ ചെന്ന് അച്ചന് അന്തിമോപചാരം അർപ്പിച്ചു. 12.00 മണിക്ക്

അച്ചന്റെ മൃതദേഹം അന്നനാട് ഇടവകദേവാലയത്തിലേക്ക് കൊണ്ടുപോയി. നിരവധി വൈദികരും, സിസ്റ്റേഴ്സും അച്ചൻ സേവനം ചെയ്തിരുന്ന വിവിധ ഇടവകകളിൽ നിന്നുള്ളവരും അച്ചന് അന്തിമയാത്രമംഗളങ്ങൾ നേരാൻ അവിടെ എത്തിയിരുന്നു.

ബ. ആന്റണി കവലക്കാട്ടച്ചന്റെ മൃതദേഹസംസ്ക്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ചു. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ തോമസ് ചക്യത്ത്, എന്നീ പിതാക്കൻമാരും മോൺ. ജോസഫ് കവലക്കാട്ട് (ഇരിഞ്ഞാലക്കുട രൂപത), ഫാ. ഷാൻലി ചെർപ്പണത്ത്, ഫാ. ജോസഫ് ചക്യത്ത് എന്നിവരും (മദ്ബഹയിൽ), നിരവധി വൈദീകരും സഹകാർമ്മികരായിരുന്നു. വിശുദ്ധഗ്രന്ഥ പാരായണത്തിനുശേഷം ബ. ജോസ് ചിറപ്പണത്ത് സി. എം. ഐ. അച്ചൻ തുറന്നുപിടിച്ച സുവിശേഷഗ്രന്ഥം കവലക്കാട്ട് അച്ചനെ മുത്തിച്ചു. ബ. ആന്റണി കവലക്കാട്ടച്ചന്റെ സഹപാഠിയായ ബ. ജോസഫ് ചക്യത്ത് അച്ചനാണ് വചനസന്ദേശം നൽകിയത്. ആയുഷ്ക്കാലം മുഴുവനും ദൈവത്തോട് തികഞ്ഞ സമർപ്പണ മനോഭാവവും, വിശ്വസ്തതയുമുള്ള ഒരു വൈദികനായിരുന്നു ബ. കവലക്കാട്ടച്ചൻ. ജീവിതത്തിന്റെ ഉയർച്ചതാഴ്ചകളിലും വേദനകളുടെ നടുവിലും ഉറച്ചവിശ്വാസവും തീക്ഷണതയും അച്ചൻ കാത്തുസൂക്ഷിച്ചിരുന്നു. തന്റെ ശുശ്രൂഷാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്ന ഒരു വൈദികനായിരുന്നു ബ. കവലക്കാട്ടച്ചൻ. ജനങ്ങളുടെ ഹൃദയസ്പന്ദനങ്ങൾ അറിഞ്ഞുപെരുമാറുവാൻ അച്ചനു കഴിഞ്ഞിരുന്നു. ജനങ്ങൾക്കുവേണ്ടി കുടിവെള്ളം, വൈദ്യുതി, വഴി ഇവയെല്ലാം ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ള ഒരു വൈദികനായിരുന്നു ബ. കവലക്കാട്ട് അച്ചനെന്നും ബ. ചക്യത്ത് അച്ചൻ പ്രസംഗ മദ്ധ്യേ പറയുകയുണ്ടായി.

അതിരൂപതയുടെ അസിസ്റ്റന്റ് ചാൻസലർ എന്ന നിലയിൽ അച്ചൻ സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. അച്ചൻ സേവനം ചെയ്തിരുന്ന ഇടവകകളിൽ അച്ചൻ പ്രദർശിപ്പിച്ചിരുന്ന സാമൂഹ്യ പ്രതിബദ്ധതയും അവർക്കുവേണ്ടി നിരവധി സാമൂഹ്യപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന്റെ തുടർച്ചയായാണ് അതിരൂപതാധികാരികൾ അച്ചനെ അതിരൂപതാ സോഷ്യൽ സർവ്വീസസിന്റെ ഉത്തരവാദിത്തം ഏല്പിച്ചത്. മേൽപ്പറഞ്ഞ രണ്ട് ശുശ്രൂഷാരംഗങ്ങളിലും തന്റെ തന

തായ വ്യക്തിത്വം പ്രകടിപ്പിക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇടവക കളിൽ സേവനം ചെയ്യുമ്പോൾ അച്ചന്റെ ചില പ്രത്യേക സിദ്ധികൾ ഇടവകജനത്തിന്റെ നന്മക്കായ് അച്ചൻ ഉപയോഗിക്കുമായിരുന്നു. ഔഷധങ്ങളേക്കാൾ ഉപരിയായ് തന്റെ പ്രാർത്ഥനയിലൂടെ രോഗി കൾക്ക് സൗഖ്യം ലഭിക്കുന്നതിനായ് അച്ചൻ ശ്രമിച്ചിരുന്നു. വിവിധ പ്രശ്നങ്ങളാൽ വലഞ്ഞിരുന്നവർക്ക് കൗൺസലിംഗിലൂടെ മാർഗ്ഗനിർദ്ദേ ശങ്ങൾ നൽകി അവർക്ക് ആശ്വാസത്തിന്റെ തണലേകാൻ അച്ചന് സാധിച്ചു.

ബ. കവലക്കാട്ടച്ചൻ തന്റെ സ്നേഹശുശ്രൂഷയിലൂടെ ഒരു മാതൃകാ വൈദികനായി മാറി. സുവിശേഷം വായിക്കുക മാത്രമല്ല, ജീവിതത്തിൽ അത് വ്യക്തമായി പ്രാവർത്തികമാക്കുകയും ചെയ്ത വ്യക്തിയാണ്. അതിനാൽ, ഈ വന്ദ്യപുരോഹിതനെക്കുറിച്ചുള്ള ഓർമ്മകൾ എന്നും ജനഹൃദയങ്ങളിൽ നിറഞ്ഞുനില്ക്കും. ബ. ആന്റണി കവലക്കാട്ട് അച്ചനിലൂടെ സഭയ്ക്കും സമൂഹത്തിനും പ്രത്യേകമായി നമ്മുടെ അതി രൂപതയ്ക്കും ദൈവം നൽകിയ അളവറ്റ അനുഗ്രഹങ്ങളെയോർത്ത് ദൈവപിതാവിനു കൃതജ്ഞതയേകാം. സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയാകുന്ന ആന്റണി കവലക്കാട്ടച്ചനെ ഇനി സ്വർഗ്ഗത്തിൽ കാണാ മെന്ന ഉറപ്പോടെ എറണാകുളം-അങ്കമാലി അതിരൂപത, അച്ചനേകുന്നു സ്നേഹാർദ്രമായ യാത്രാമൊഴി!!!

■



## ഫാ. കുര്യാക്കോസ് മാമ്പിള്ളി

**ജനനം 17/12/1951**
**തിരുപ്പട്ടം 27/10/1976**
**മരണം 24/03/2017**

ബഹുമാനപ്പെട്ട മാമ്പിള്ളി കുര്യാക്കോസ് അച്ചൻ 1951 ഡിസംബർ 17-ാം തീയതി പുത്തൻപള്ളി മാമ്പിള്ളി ജോസഫ്-ഏലി ക്കുട്ടി ദമ്പതികളുടെ ഒമ്പത് മക്കളിൽ രണ്ടാ മനായി ജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസജീവിതത്തിൽ വളർന്ന അച്ചൻ, സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതി രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. പൂനെ പേപ്പൽ സെമിനാ

യിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1976 ഒക്ടോബർ 27-ാം തീയതി അഭിവന്ദ്യ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ തിരുമുടിക്കുന്ന്, യോർദ്ദനാപുരം, മഞ്ഞപ്ര, എന്നീ ഇടവകകളിലെ ശുശ്രൂഷകൾക്കുശേഷം മൂക്കന്നൂർ എൽ.എഫ്. ആശ്രമത്തിന്റെ ചാപ്ലിനായും, കാരണക്കോടം, പീച്ചാനിക്കാട് എന്നീ ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. സോഷ്യൽ സർവ്വീസസ് ഡയറക്ടർ, S.A.F.P. (എറണാകുളം) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐശ്വര്യഗ്രാം S.A.F.P. (ഇന്ത്യ) എക്സിക്യൂട്ടീവ് ഡയറക്ടർ, പി.ഡി.ഡി.പി. വൈസ് ചെയർമാനായും പിന്നീട് ചെയർമാനായും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. സേവാശ്രമിന്റെ സ്ഥാപകനും പ്രസിഡന്റും അച്ചനായിരുന്നു. പ്രസ്തുത സേവനത്തിനിടയിലാണ് മാമ്പിള്ളിയച്ചൻ രോഗബാധിതനാകുന്നത്. ചികിത്സയിലായിരുന്ന അച്ചൻ തന്റെ രോഗത്തെയും വേദനകളെയും വളരെ ശാന്തതയോടെയാണ് സ്വീകരിച്ചത്. നീണ്ട 41 വർഷത്തെ ധന്യമായ പൗരോഹിത്യ ജീവിതത്തിനുശേഷം 2017 മാർച്ച് 24-ാം തീയതി, വെള്ളിയാഴ്ച വെളുപ്പിന് 4.00 മണിക്ക് അങ്കമാലി എൽ.എഫ്. ആശുപത്രിയിൽവച്ച് 65-ാം വയസ്സിൽ ബ. കുര്യാക്കോസ് അച്ചൻ ഈ ലോകത്തോട് യാത്ര പറഞ്ഞു.

അങ്കമാലി എൽ.എഫ്. ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന ബ. കുര്യാക്കോസ് മാമ്പിള്ളി അച്ചന്റെ മൃതദേഹം വൈകുന്നേരം 4.00 മണിക്ക് പീച്ചാനിക്കാട് സേവാശ്രമിലേക്ക് കൊണ്ടുപോയി. 6.30 വരെ അവിടെ പൊതുദർശനത്തിനുവച്ചു. നിരവധി വൈദികരും സമൂഹത്തിന്റെ നാനാതുറകളിൽനിന്നും നിരവധി വ്യക്തികളും, പ്രത്യേകിച്ച് സേവാശ്രമുമായി ബന്ധപ്പെട്ടവരും അവിടെ വന്ന് അച്ചന് അന്തിമോപചാരം അർപ്പിച്ചു. വൈകിട്ട് 7.30-ന് മാമ്പിള്ളി അച്ചന്റെ മൃതദേഹം അച്ചന്റെ വീട്ടിലേക്കു കൊണ്ടുപോകുകയും പിറ്റേന്ന് 11.30 വരെ അവിടെ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു. അവിടെയും നിരവധി വൈദികരും സിസ്റ്റേഴ്സും അച്ചൻ സേവനം ചെയ്ത ഇടവകകളിലും, സ്ഥാപനങ്ങളിലും നിന്നും വളരെപ്പേർ വന്ന് അച്ചന് അന്തിമോപചാരം അർപ്പിച്ചു.

ബ. കുര്യാക്കോസ് മാമ്പിള്ളി അച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയുടെ മൂന്നാംഭാഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആരം

ഭിച്ചു. മാർ ജേക്കബ് മനത്തോടത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ തോമസ് ചക്യത്ത്, മാർ എഫ്രേം നരികുളം, ഫാ. ജോസഫ് ചക്യത്ത് എന്നിവരും (മദ്ബഹയിൽ), ഒട്ടേറെ വൈദികരും സഹകാർമ്മികരായിരുന്നു. സുവിശേഷ വായനയ്ക്കു ശേഷം മാർ ജേക്കബ് മനത്തോടത്ത് പിതാവാണ് ബ. മാമ്പിള്ളി അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചത്. ബ. ആന്റണി ചിറപ്പണത്ത് അച്ചൻ വചന സന്ദേശം നൽകി. തനതായ ജീവിത ദർശനവും, ജീവിത പ്രത്യയശാസ്ത്രവും അഭംഗുരം കാത്തുസൂക്ഷിച്ചുകൊണ്ട് ജീവിച്ച വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ബ. മാമ്പിള്ളി അച്ചൻ നമുക്കെന്നും പ്രചോദനമാണ്. അർപ്പണവും, ബോദ്ധ്യവുമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. കാര്യങ്ങൾ വിശദമായി പഠിച്ച്, ചിന്തിച്ച്, പ്രാർത്ഥിച്ചതിനുശേഷമാണ് അത് പ്രവൃത്തിയിൽ കൊണ്ടുവന്നിരുന്നത്. മറ്റുള്ളവർക്കായി എല്ലാം നൽകുന്നതിൽ ആനന്ദം കണ്ടെത്തിയ വ്യക്തിയായിരുന്നു ബ. മാമ്പിള്ളിയച്ചൻ. അപരന്റെ നന്മയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്ത് ക്ലാസ്സുകളിലൂടെയും, ജീവിതമാതൃകയിലൂടെയും, വിവിധ പദ്ധതികളിലൂടെയും അവ പ്രാവർത്തികമാക്കി. അച്ചന്റെ വ്യക്തിത്വം ലാളിത്യം, വിനയം, മാന്യത, കുലീനത്വം എന്നീ നാല് വാക്കുകളിൽ ഉൾച്ചേർന്നിരിക്കുന്നു. തനിക്ക് ലഭിച്ച താലന്തുകളെ നൂറു ശതമാനവും വികസിപ്പിച്ചെടുക്കുവാൻ പരിശ്രമിച്ച ഒരു വൈദികനായിരുന്നു മാമ്പിള്ളിയച്ചനെന്നും വചനസന്ദേശ മദ്ധ്യേ ബ. ആന്റണി ചിറപ്പണത്തച്ചൻ പറയുകയുണ്ടായി.

എറണാകുളം-അങ്കമാലി അതിരൂപതാ സോഷ്യൽ സർവ്വീസസ് ഡയറക്ടർ, S.A.F.P. (എറണാകുളം) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐശ്വര്യഗ്രാം S.A.F.P. (ഇന്ത്യ) എക്സിക്യൂട്ടീവ് ഡയറക്ടർ, പി.ഡി.ഡി.പി. വൈസ് ചെയർമാൻ, പിന്നീട് ചെയർമാൻ, സേവാശ്രമിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ ബ. മാമ്പിള്ളി അച്ചൻ അതിരൂപതയ്ക്കു നൽകിയ സേവനങ്ങൾ സ്തുത്യർഹമാണ്. മേൽപ്പറഞ്ഞ വിവിധ സ്ഥാനങ്ങൾ വഹിക്കുമ്പോൾ വൈവിധ്യമാർന്ന നിരവധി സംരംഭങ്ങൾക്ക് അച്ചൻ തുടക്കം കുറിക്കുകയും വളർത്തുകയും ചെയ്തു. സാമൂഹ്യസേവന രംഗത്ത് നൂതനസാധ്യതകൾക്ക് വഴിതെളിച്ച വ്യക്തിയാണ് മാമ്പിള്ളിയച്ചൻ. മഹാത്മാഗാന്ധിയുടെ ആശയങ്ങൾ ഉൾകൊണ്ട്, സമൂഹത്തിലെ ദരിദ്രരായവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും, അവരെ ശക്തിപ്പെടുത്തുവാനും അച്ചൻ അക്ഷീണം യത്നിച്ചു. ദരിദ്രരും, അസംഘ

ടിതരും, ചൂഷിതരുമായ ജനങ്ങളെ സംഘടിപ്പിച്ച്, ശക്തിപ്പെടുത്തി, നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ സ്നേഹസമൂഹത്തിലൂടെ ദൈവരാജ്യനിർമ്മിതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് സേവാശ്രമിലൂടെ അച്ചൻ ലക്ഷ്യമിട്ടത്. ജാതി-മത വ്യത്യാസമില്ലാതെ എല്ലാവരുടേയും ഉന്നമനത്തിനായി ആഗ്രഹിക്കുകയും, പ്രവർത്തിക്കുകയും ചെയ്ത ഒരു വൈദികനാണ് മാമ്പിള്ളി അച്ചൻ.

എല്ലാവരുമായും നല്ല സൗഹൃദം സൂക്ഷിക്കുവാനും മാമ്പിള്ളി അച്ചന് സാധിച്ചു എന്നതും ശ്രദ്ധേയമാണ്. അച്ചന്റെ സൗമ്യമായ ഇടപെടലുകളും ശാന്തമായ പ്രകൃതിയും ഏവർക്കും അനുകരണീയമാണ്. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരോടൊപ്പം അദ്ധ്വാനിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് എന്നും വലിയ ഒരു മാതൃകയും പ്രചോദനവുമായിരുന്നു അച്ചന്റെ വൈദിക ജീവിതം. മാമ്പിള്ളിയച്ചൻ വഴി സഭയ്ക്കും സമൂഹത്തിനും ഏറ്റവും അധികമായി നമ്മുടെ അതിരൂപതയ്ക്കും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെയോർത്ത് ദൈവത്തിനു നന്ദിപറയാം. നമ്മോടു യാത്ര പറഞ്ഞ് ദൈവപിതാവിന്റെ ഭവനത്തിലേക്കുപോയ മാമ്പിള്ളി ബ. കുര്യാക്കോസച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ബാഷ്പാഞ്ജലികൾ!!!

■

## സി. ജോസ് തെരേസ് F.C.C.



സാൻജോ എഫ്.സി. കോൺവെന്റ്, പെരുമ്പാവൂർ.

| | |
|---|---|
| ജനനം | : 06/03/1954 |
| വ്രതവാഗ്ദാനം | : 03/05/1976 |
| മരണം | **: 21/03/2017** |

## സി. ഫ്രാൻസീന മേലേത്ത് S.D.



സെന്റ് മേരീസ് പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | |
|---|---|
| ജനനം | : 06/02/1927 |
| വ്രതവാഗ്ദാനം | : 06/01/1952 |
| മരണം | **: 13/03/2017** |

## സി. പീയൂസ കോട്ടൂർ S.D.



സെൻ്റ് മേരീസ് പ്രൊവിൻഷ്യൽ ഹൗസ്,
ചുണങ്ങംവേലി.

| | |
|---|---|
| ജനനം | : 07/03/1929 |
| വ്രതവാഗ്ദാനം | : 06/01/1949 |
| മരണം | : **19/02/2017** |

## സി. ത്രസില്ല C.M.C.



(മേരി മാവേലി, എടക്കുന്ന്)
സെൻ്റ് ജർമ്മയിൻസ് കോൺവെൻ്റ്, ചെങ്ങൽ

| | |
|---|---|
| ജനനം | : 13/01/1938 |
| വ്രതവാഗ്ദാനം | : 04/04/1966 |
| മരണം | : **11/03/2017** |

## സി. വിക്റ്ററ്റസ് C.M.C.



(ഡെയ്സി, പൂവത്തുകാരൻ, ചെങ്ങാലൂർ)
സെൻ്റ് ജർമ്മെയിൻസ് കോൺവെൻ്റ, ചെങ്ങൽ

| | |
|---|---|
| ജനനം | : 04/02/1937 |
| വ്രതവാഗ്ദാനം | : 04/04/1964 |
| മരണം | : **06/03/2017** |

## സി. മെട്രോണ C.M.C.



(മറിയാമ്മ വടക്കുഞ്ചേരി, N. പറവൂർ)
ചാവറ സദൻ കോൺവെൻ്റ്, കൈപ്ര.

| | |
|---|---|
| ജനനം | : 04/04/1943 |
| വ്രതവാഗ്ദാനം | : 04/04/1964 |
| മരണം | : **20/02/2017** |

## സി. ജോസ്മിൻ C.S.N.



സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം.

| | |
|---|---|
| ജനനം | : 19/01/1955 |
| വ്രതവാഗ്ദാനം | : 02/02/1978 |
| മരണം | : **26/02/2017** |



**സി. സിൽവിയ S.A.B.S.**

(ത്രേസ്യ പുല്ലുവഴി, നടാംകുഴി)
അഡോറേഷൻ പ്രൊവിൻഷ്യലേറ്റ്, കളമശ്ശേരി.

| | | |
|---|---|---|
| ജനനം | : | 18/05/1931 |
| വ്രതവാഗ്ദാനം | : | 20/05/1952 |
| മരണം | : | **21/02/2017** |

---

# നിവേദിത, ചുണങ്ങംവേലി

CHUNANGAMVELY, ALUVA 683112, KERALA.
Tel.: 0484-2837375, Mob: 9387074646, 9847558054
ഇ-മെയിൽ: nivedithaekm@gmail.com

**Programmes: 2017 April to June**

| | | |
|---|---|---|
| 1. | Retreat for sisters (D.M.S.L.) | : April 02 to 08, 2017 |
| 2. | Jesus Youth | : April 03 to 05, 2017 |
| 3. | Youth Retreat (Basilica Parish) | : April 18 to 21, 2017 |
| 4. | Spoken English | : April 24 to May 13,2017 |
| 5. | Fiat Programme | : April 26 to 30, 2017 |
| 6. | Psycho-Spiritual Programme | : May 02 to 12, 2017 |
| 7. | Catechism Leaders' Meet | : May 05 to 07, 2017 |
| 8. | Jubilee Preparation for Sisters | : May 07 to 13, 2017 |
| 9. | Retreat for Sisters (D.C.P.B.) | : May 12 to 18, 2017 |
| 10. | Retreat for Youth (Basilica) | : May 20 to 30, 2017 |
| 11. | Annual Retreat for Priests | : June 2017 |

**Fr. Varghese Pulickal**
**Director**

# വാർത്തകളും വിശേഷങ്ങളും

## "ക്രിസ്തുവിനോട് കൂടുതൽ അടുക്കുവാനുള്ള അവസരമാണ് നോമ്പുകാലം": ഫ്രാൻസിസ് മാർപാപ്പ

2017 മാർച്ച് 19-ാം തീയതി ഞായറാഴ്ചയിലെ ആഞ്ചെലൂസ് സന്ദേശത്തിൽ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ കൂടിയ വിശ്വാസികളോട് ആ ദിവസത്തെ സുവിശേഷഭാഗമായ യേശുവും സമരിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണത്തെ ആസ്പദമാക്കി മാർപാപ്പ ഇപ്രകാരം ഉദ്ബോധിപ്പിച്ചു: "മാമ്മോദീസയിലൂടെ ജീവജലം യേശു നമ്മുടെ ഹൃദയത്തിലേക്ക് പകർന്നു നൽകി. ഇതുവഴിയായ് ദൈവം നമ്മെ നവീകരിക്കുകയും തന്റെ വരപ്രസാദത്താൽ നമ്മെ നിറയ്ക്കുകയും ചെയ്തു. എന്നാൽ, പലപ്പോഴും ഈ ദൈവവരപ്രസാദം നാം മറന്നുപോകുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നമ്മുടെ ദാഹം തീർക്കാൻ സാധിക്കാത്ത വെള്ളമുള്ള കിണറുകൾ തേടി നാം പോകുന്നു." ഇതേതുടർന്നാണ് "നോമ്പുകാലം ക്രിസ്തുവിലേക്കു കൂടുതൽ അടുക്കുവാനുള്ള അവസരമാണ്" എന്ന് മാർപാപ്പ പ്രസ്താവിച്ചത്. പ്രാർത്ഥനയിലൂടെ യേശുവിന്റെ ഹൃദയവും നമ്മുടെ ഹൃദയവും തമ്മിലുള്ള സംഭാഷണത്തിലൂടെ അവിടത്തെ നാം യഥാർത്ഥത്തിൽ അനുഭവിച്ചറിയുന്നു. വേദന അനുഭവിക്കുന്ന നമ്മുടെ സഹോദരനിലും, സഹോദരിയിലും യേശുവിന്റെ മുഖം നാം കണ്ടുമുട്ടുന്നു. ഇതുവഴി നമ്മുടെ ഉള്ളിൽ മാമ്മോദീസയിലൂടെ ലഭിച്ച കൃപാവരം വർദ്ധമാനമാകുന്നു. ദൈവാത്മാവും ദൈവവചനവുമാകുന്ന അരുവിയിൽ നിന്നും നമ്മുടെ ദാഹം അകറ്റുന്നു. അനുദിന ജീവിതത്തിൽ സമാധാനത്തിന്റെ ഉപകരണങ്ങളായ് നാം മാറുകയും ചെയ്യുന്നു.

## ദൈവദാസി സിസ്റ്റർ റാണി മരിയ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്

ക്രൈസ്തവമൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി 1995 ഫെബ്രുവരി 25-ാം തീയതി ധീരമരണം കൈവരിച്ച സിസ്റ്റർ റാണി മരിയ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്. ഇത് സംബന്ധിച്ച ഔദ്യോഗിക രേഖകളിൽ ഫ്രാൻസിസ് മാർപാപ്പ ഒപ്പുവച്ചു. സിസ്റ്ററെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും. എറണാകുളം-അങ്കമാലി അതിരൂപതയിലെ പുല്ലുവഴി ഇടവകാംഗമാണ് സി. റാണി മരിയ. 1954 ജനുവരി 29-നാണ് സിസ്റ്റർ ഭൂജാതയായത്. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ഭോപ്പാൽ അമല പ്രോവിൻസിൽ സാമൂഹ്യപ്രവർത്തനവിഭാഗത്തിന്റെ ചുമതലയുള്ള കൗൺസിലർ ആയിരിക്കെ ദരിദ്രരുടെ പക്ഷം ചേർന്ന് അവരുടെ ഉന്നമനത്തിനായി തന്റെ സുവിശേഷ ദൗത്യം നിർവ്വഹിക്കുന്നതിനിടയിലാണ് സിസ്റ്ററിന് ജീവൻ ത്യജിക്കേണ്ടിവന്നത്.

# വേദപഠന കേന്ദ്രം

### 1) പ്രാർത്ഥനാശംസകളും ഹൃദയം നിറഞ്ഞ നന്ദിയും

അതിരൂപതാ വേദപഠന കേന്ദ്രം അസി. ഡയറക്ടറായി മൂന്നു വർഷക്കാലം പ്രതിബദ്ധതയോടെ നിസ്വാർത്ഥമായി ശുശ്രൂഷ ചെയ്ത് തദേവൂസ്പുരം (പാതാളം) പള്ളിയുടെ പ്രൊ വികാരിയായും പിൽഗ്രിംസ് കമ്മ്യൂണിക്കേഷൻസിന്റെ അസി. ഡയറക്ടറായും പുതിയ ദൗത്യം ഏറ്റെടുക്കുന്ന ബ. ജെയിംസ് തൊട്ടിയിലച്ചന് ഒത്തിരി സ്നേഹത്തോടെ, നന്ദിയോടെ പ്രാർത്ഥനാശംസകൾ. പുതിയ ശുശ്രൂഷാ മേഖലകളിൽ ക്രിസ്തുവിന്റെ പാദമുദ്രകൾ പതിക്കാൻ സാധിക്കട്ടെയെന്നാശംസിക്കുന്നു.

വേദപഠന വിഭാഗത്തിന്റെ ഫൊറോനാ ഡയറക്ടർമാരായി സവിശേഷമായ ശുശ്രൂഷക്കുശേഷം സ്ഥലം മാറിപ്പോകുന്ന ബഹു. ജോസഫ് വളവിയച്ചനും (വല്ലം), ബഹു. സെബാസ്റ്റ്യൻ പൊട്ടോളിയച്ചനും (മൂക്കന്നൂർ), ബഹു. പോൾ കോട്ടയ്ക്കലച്ചനും (ചേർത്തല) ഹൃദയപൂർവ്വം നന്ദി പറയുന്നു. പുതിയ ശുശ്രൂഷാ രംഗത്ത് എല്ലാ ഭാവുകങ്ങളും നേരുന്നു.

### 2) ഹൃദയപൂർവ്വം സ്വാഗതം

അതിരൂപതാ വേദപഠന കേന്ദ്രം അസി. ഡയറക്ടറായി ചുമതലയേൽക്കുന്ന ബ. നിബിൻ കുരിശിങ്കൽ അച്ചന് പുതിയ ശുശ്രൂഷാ രംഗത്തേക്ക് ഹൃദ്യമായ സ്വാഗതം. ഫലദായകമായ ദൗത്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വേദപഠന വിഭാഗത്തിന്റെ പുതിയ ഫൊറോനാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ബഹു. സിബി പുത്തൻപറമ്പിലച്ചനും (ചേർത്തല) ബഹു. ടോണി കോട്ടയ്ക്കലച്ചനും (മൂക്കന്നൂർ) ബഹു. ജോൺ പൈനുങ്കലച്ചനും (വല്ലം) ഹൃദ്യമായ സ്വാഗതവും ആശംസകളും.

### 3) പ്ലസ്സ് വൺ ക്ലാസ്സിലെ ലീഡേഴ്സിനുള്ള ക്യാമ്പ്

പ്ലസ്സ് വൺ കാറ്റിക്കിസം ക്ലാസ്സിലെ ലീഡേഴ്സിനായി ജീവിത ദർശന ക്യാമ്പ് (സ്പർശ് – Touch of Jesus) നിവേദിതയിൽ വച്ച് 2017 മെയ് 5–7 തിയതികളിൽ സംഘടിപ്പിക്കുകയാണ്. ആദ്യം പേരുകൾ നൽകുന്ന

150 പേരെയാണ് എടുക്കുക. അടുത്ത വർഷം ഈ കുട്ടികളാണല്ലോ പ്ലസ്സ് ടു ക്ലാസ്സിലേക്ക് വരുന്നത്. കൂടുതൽ പേരുകൾ ലഭിച്ചാൽ ഒരെണ്ണം കൂടി സംഘടിപ്പിക്കാൻ ശ്രമിക്കുന്നതാണ്. ഒരിടവകയിൽ നിന്നും ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമാണ് പങ്കെടുക്കേണ്ടത്. ബ. വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു. ബ. നിബിൻ കുരിശിങ്കൽ അച്ചനുമായി ബന്ധപ്പെടുക. (9496109156). അപേക്ഷാ ഫോറവും നിർദ്ദേശങ്ങളും www.catechismernakulam.com വെബ് സൈറ്റിൽ ലഭ്യമാണ്. ദയവായി ബ. അച്ചന്റെ ഇടവകയിൽ നിന്നും ക്ലാസ്സ് ലീഡേഴ്സിനെ പറഞ്ഞയക്കുമല്ലോ. പേരുകൾ നൽകേണ്ട അവസാന തിയതി - ഏപ്രിൽ 30 ഞായർ

**4. വേദപാഠാദ്ധ്യാപകർക്കുള്ള പരിശീലനം (Basic Orientation Course)**
വേദപാഠാദ്ധ്യാപകർ അടിസ്ഥാന പരിശീലന പരിപാടിയിൽ പങ്കെടുക്കാതെ വേദപാഠം പഠിപ്പിക്കരുതെന്നുള്ള അതിരൂപതയുടെ വർഷങ്ങളായുള്ള നയം കൃത്യമായി നടപ്പാക്കാൻ ബ.വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു, അടുത്ത പരിശീലന പരിപാടി താമസിച്ചുള്ളതാണ്. ജൂൺ 24 ശനിയാഴ്ച രാവിലെ വന്ന് ഞായറാഴ്ച വൈകുന്നേരം സമാപിക്കത്തക്ക രീതിയിലാണ് സംഘടിപ്പിക്കുന്നത്. അതുകൊണ്ട് പുതിയതായി എടുക്കുന്ന അദ്ധ്യാപകരുടെയും ഇതുവരെയും പങ്കെടുക്കാത്തവരുടെയും പേരുകൾ ജൂൺ 5-നകം അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യം പേരുകൾ രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് ഈ ബാച്ചിൽ അവസരം കിട്ടുകയുള്ളു. ഇക്കാര്യം കൂടി വേദപാഠാദ്ധ്യാപകരെ അറിയിക്കുമല്ലോ.

## പ്രധാന പരിപാടികൾ

### ഏപ്രിൽ 2017

03 തിങ്കൾ - 08 ശനി: സ്നേഹോത്സവം
12 ബുധൻ -15 ശനി: വലിയ ആഴ്ച- ഓഫീസ് അവധി.
29 ശനി : Std. X - പുനഃപരീക്ഷ 10.00 am-12 noon റിന്യൂവൽ സെന്റർ, കലൂർ.
30 ഞായർ: ഓൺലൈൻ അഡ്മിനിസ്ട്രേറ്റേഴ്സ് യോഗം 10.00 am - 1.00 pm റിന്യൂവൽ സെന്റർ, കലൂർ.

**മെയ് 2017**

| | |
|---|---|
| 01 തിങ്കൾ : | ഓഫീസ് അവധി |
| 05 – 07: | പ്ലസ്സ് വൺ ക്ലാസ്സിലെ ലീഡേഴ്സിനുള്ള ക്യാമ്പ് (സ്പർശ് – 2017) – നിവേദിത. |
| 10, 11 : | Std. XII ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്– റിന്യൂവൽ സെന്റർ കലൂർ. |
| 17, 18 : | Std. XI ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്– റിന്യൂവൽ സെന്റർ കലൂർ. |
| 19 വെള്ളി : | ഡിപ്ലോമ പുനഃപരീക്ഷ STD XI - 10.00 am - 12 noon, Std. XII- 2.00 pm - 4.00 pm റിന്യൂവൽ സെന്റർ, കലൂർ. |

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**
**ഡയറക്ടർ**

---

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2017 APRIL - MAY

**I. Marriage Preparation Course (MPC)**

| | |
|---|---|
| April 03-05 [Single] Kaloor | May 02-04 [Pair] Kalady |
| April 10-12 [Pair] Kaloor | May 08-10 [ Single] Kaloor |
| April 17-19 [Single] Kaloor | May 15-17 [Single] Kaloor |
| April 18-20 [Pair] Kalady | May 16-18 [ Pair] Kalady |
| April 24-26 [Pair] Kaloor | May 22-24 [ Pair] Kaloor |
| April 25-27[Single] Kalady | May 23-25 [ Single] Kalady |
| April 30-May 02[Pair] Kaloor | May 29-31 [ Single] Kaloor |
| | May 30-01 [Pair] Kalady |

**II. Newlywed's Retreat (Sat. 6.00 pm to Sun. 4.30 pm) (Mob: 9446744111)**

April 01-02 Jeevalaya Family Park, Kalady
May 06-07 Jeevalaya Family Park, Kalady

**III. Grace Rings [Couple's Retreat - Residential] (Mob:9446335441)**

| | | |
|---|---|---|
| April | 06-09 | Jeevalaya Family Park, Kalady |
| May | 11-14 | Jeevalaya Family Park, Kalady |

**IV. Parenting Retreat (Jeevalaya Family Park, Kalady)**

മാതാപിതാ-മക്കൾ ബന്ധത്തെ പരിപോഷിപ്പിക്കുന്നതിനായി പാരന്റിംഗ് ധ്യാനം നടത്തുന്നു. മാസത്തിന്റെ നാലാമത്തെ വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് 4.30-ന് സമാപിക്കുന്ന ധ്യാനത്തിൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് പങ്കെടുക്കണം. കുട്ടികൾക്കും (5-12), കൗമാരക്കാർക്കും (13-19) വ്യത്യസ്ത ധ്യാനങ്ങളാണ് സംഘടിപ്പിക്കുന്നത്. മക്കളുടെ മനഃശാസ്ത്രം മനസ്സിലാക്കി ആരോഗ്യകരമായി മക്കളോട് പ്രതികരിക്കുവാൻ കഴിയുന്ന പരിശീലനങ്ങളാണ് ധ്യാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബുക്കിംഗിന് വിളിക്കുക: 0484-2462607, 9495950055.

| | | |
|---|---|---|
| Apr. | 21-23 | Parenting Children Retreat (Age 05-12 Years) |
| May | 26-28 | Parenting Teenage Retreat (Age 13-19 Years) |

**V. Widows' Retreat (Jeevalaya Family Park, Kalady)**

യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കാലടി ജീവാലയ ഫാമിലി പാർക്കിൽ വിധവകൾക്കായി ധ്യാനം നടത്തുന്നു. വൈധവ്യത്തിന്റെ മുറിവുകളെ സുഖപ്പെടുത്തി സന്തോഷകരമായ കുടുംബജീവിതം നയിക്കുവാൻ സഹായിക്കുകയാണ് ഈ ധ്യാനത്തിന്റെ ലക്ഷ്യം. സ്വാഭിമാനം വീണ്ടെടുക്കുക, നിഷേധാത്മക വികാരങ്ങളെ തിരിച്ചറിയുക, പ്രതിസന്ധികളെ അതിജീവിക്കുക, മക്കളെ തനിയെ വളർത്താനുതകുന്ന നിപുണതകൾ പരിശീലിക്കുക എന്നിവയിലാണ് ഈ ധ്യാനം ശ്രദ്ധവയ്ക്കുന്നത്. ആത്മീയവും മനശാസ്ത്രപരവുമായ ശുശ്രൂഷകളിലൂടെയുള്ള ഒരു യാത്രയാണ് ഇത്. 60 വയസ്സിന് താഴെയുള്ള വിധവകളെ മാത്രമാണ് പ്രതീക്ഷിക്കുന്നത്. താത്പര്യമുള്ളവർ വിളിക്കുക. 0484-2462607, 9400929111.

| | | |
|---|---|---|
| Apr. | 28-30 | Jeevalaya Family Park, Kalady |
| May | 08-10 | Jeevalaya Family Park, Kalady |

**VI. Grace Ripples Meet**

| | | | | | |
|---|---|---|---|---|---|
| April | 02 | Cherthala | April | 02 | Ernakulam |
| April | 02 | Edappilly | April | 02 | Vaikom |

**VII. FFAFM**

| | | | | | |
|---|---|---|---|---|---|
| May | 07 | Koratty | May | 21 | Manjapra |
| May | 07 | Karukutty | May | 21 | Mookkannoor |
| May | 14 | Angamaly | May | 28 | Kanjoor |
| May | 14 | Moozhikulam | May | 28 | Vallam |

**VIII. Grace Ripples Retreat**

April 21-23 Kaloor

May 19-21 Kalady

**IX. ആത്മജ്വാല 2017**

ജനുവരി മാസം മുതൽ ഇടവക തലത്തിൽ ദമ്പതികൾക്കായി പ്രത്യേക പരിശീലന പരിപാടിയായ 'ആത്മജ്വാല 2017' നടത്തിക്കൊടുക്കുന്നു. കുടുംബ ആദ്ധ്യാത്മീക ശീലങ്ങളെ പരിശീലിപ്പിക്കുകയാണ് ആത്മജ്വാല യുടെ ഉള്ളടക്കം. സമയം - 4 മണിക്കൂർ, പങ്കെടുക്കുന്നവർ - 1 മുതൽ 15 വർഷം വരെയുള്ള ദമ്പതികൾ (മിനിമം 40 ദമ്പതികൾ). ഗ്രെയ്സ് റിപ്പിൾസ് ദമ്പതികൾ ഈ ശുശ്രൂഷയ്ക്ക് ഇടവകയിൽ വേണ്ട സഹ കരണം നല്കണമെന്ന് താത്പര്യപ്പെടുന്നു. താത്പര്യമുള്ള ഇടവകകൾ വിളിക്കുക: 9387074644

| | | | | | |
|---|---|---|---|---|---|
| April | 02 | Edappally | May | 14 | Manappuram |
| April | 02 | Karukutty | May | 28 | Karukutty Monastery |

**XI. സ്നേഹപ്രസാദം**

May 21 Nayathode

May 28 Nayathode

**XI. സ്നേഹത്തിന്റെ സന്തോഷം (*Amoris Laetitia*): പഠന ശിബിരം**

അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശാനുസരണം എല്ലാ ഫൊറോന കളിലും ഒരു അർദ്ധദിന ശില്പശാലയായിട്ടാണ് ഇത് വിഭാവനം ചെയ്യുന്നത്. ഫ്രാൻസിസ് പാപ്പാ എഴുതിയ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധന രേഖയെക്കുറിച്ച് ഗൗരവമായി പഠിക്കുന്നതിനും അതുവഴി ഇടവകയ്ക്ക് നവോന്മേഷം പകരുന്ന ഉൾക്കാഴ്ചകൾ നേടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടത്തപ്പെടുന്ന ഈ പഠന ശിബിരത്തിൽ ഓരോ ഫൊറോനയിലേയും വൈദികർ, സന്ന്യാസിനികൾ, അല്മായ നേതാക്കൾ പാരീഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, ഫാമിലി യൂണിറ്റ് ഭാരവാഹികൾ, മതാധ്യാപകർ, കുടുംബപ്രേഷിത പ്രവർത്തകർ, സംഘടനാ ഭാരവാഹികൾ എന്നിവരാണ് പങ്കെടുക്കേണ്ടത്. പഠന ശിബിര തീയതികൾ താഴെ കൊടുക്കുന്നു.

April 01 Moozhikkulam

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA

## സഹൃദയയുടെ ജൈവ അരി വിപണിയിൽ

കറുകുറ്റിയിലെ പാടശേഖരത്തിൽ തികച്ചും ജൈവരീതിയിൽ സഹൃദയ ഉത്പാദിപ്പിച്ച ജൈവ അരി വിപണിയിലെത്തി. അരിയുടെ വിപണന ഉദ്ഘാടനം തലയോലപ്പറമ്പിൽ നടത്തിയ കാർഷികമേളയിൽ സി. കെ. ആശ എം. എൽ. എ. നിർവഹിച്ചു. അരി ആവശ്യമുള്ളവർക്ക് ഓഫീസിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9847660929.

## സഹൃദയ നോട്ട്ബുക്കുകൾ

വിവിധ വലിപ്പത്തിലുള്ള നോട്ട്ബുക്കുകൾ സഹൃദയ തയ്യാറാക്കിവരുന്നു. വിദ്യാലയങ്ങളുടെ പേരുസഹിതം പ്രിന്റ് ചെയ്ത് തരുന്നതിനുള്ള സൗകര്യവുമുണ്ട്. കൂടുതൽ വിവരങ്ങൾക്കും ഓർഡർ നൽകുന്നതിനും ബന്ധപ്പെടുക ഫോൺ: 86068 56474.

## വിദ്യാർത്ഥി സുരക്ഷാ ഇൻഷുറൻസ്

പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് കേവലം 125 രൂപ വാർഷിക പ്രീമിയം നൽകി ഒരു വർഷത്തേക്ക് ഇൻഷുറൻസ് സുരക്ഷ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സ്കൂളുകൾ വഴിയും സൺഡേ സ്കൂളുകൾ വഴിയും നടപ്പാക്കി വരുന്നു. പുതിയ അധ്യയന വർഷം ആസൂത്രണം ചെയ്യുമ്പോൾ ഇക്കാര്യവും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## യൂണിഫോമുകൾ സഹൃദയ ടെയിലറിംഗിൽനിന്ന്

വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കാവശ്യമായ യൂണിഫോമുകൾ ഓർഡർ അനുസരിച്ച് സഹൃദയ ടെയിലറിംഗിൽ തയ്ച്ചു തരുന്നതാണ്. ഫോൺ: 8281221606.

## സഹൃദയ കാരുണ്യ ഇൻഷുറൻസ്

കാരുണ്യ ഇൻഷുറൻസ് രണ്ടാം വർഷ പദ്ധതി പ്രാബല്യത്തിലായി. പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നതിന് ആത്മാർത്ഥമായി സഹകരിച്ച എല്ലാ വികാരിയച്ചന്മാർക്കും ഇടവകതല നേതാക്കൾക്കും നന്ദി പറയുന്നു. പദ്ധതിയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതിനുള്ള അംഗീകാരം അങ്കമാലി ബസിലിക്കാ ഇടവകയാണ് നേടിയത്. രണ്ടാം സ്ഥാനം കൊരട്ടി ഫൊറോനാ ഇടവകയും മൂന്നാം സ്ഥാനം കിഴക്കമ്പലം ഫൊറോനാ ഇടവകയും നേടി. ഇടവകയിലെ കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ശതമാനക്കണക്കിൽ നെടുങ്ങാട്, വരാപ്പുഴ, കോട്ടപ്പറമ്പ് ഇടവകകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഓരോ ഫൊറോനായിലും ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകയും അംഗത്വത്തിന്റെ ശതമാനക്കണക്കിൽ മുന്നിൽ വന്ന ഇടവകകൾക്കും പ്രത്യേക പുരസ്കാരങ്ങൾ വിതരണം ചെയ്തു.

ഫൊറോന – കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവക – ശതമാനക്കണക്കിൽ മുന്നിൽ വന്ന ഇടവക എന്ന ക്രമത്തിൽ താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| അങ്കമാലി | അങ്കമാലി | മേക്കാട് |
| എറണാകുളം | ഞാറക്കൽ | കൂവപ്പാടം |
| ചേർത്തല | മുട്ടം | വയലാർ |
| ഇടപ്പള്ളി | ചേരാനല്ലൂർ | ചേരാനല്ലൂർ |
| കാഞ്ഞൂർ | വെള്ളാരപ്പിള്ളി | വെള്ളാരപ്പിള്ളി |
| കറുകുറ്റി | കറുകുറ്റി | മൂന്നാംപറമ്പ് |
| കിഴക്കമ്പലം | കിഴക്കമ്പലം | അമ്പുനാട് |
| കൊരട്ടി | കൊരട്ടി | മാമ്പ്ര |
| മഞ്ഞപ്ര | മഞ്ഞപ്ര | യോർദനാപുരം |
| മൂക്കന്നൂർ | മൂക്കന്നൂർ | ഒലിവ് മൗണ്ട് |
| മൂഴിക്കുളം | മള്ളുശേരി | മള്ളുശേരി |
| പള്ളിപ്പുറം | പള്ളിപ്പുറം | സ്രാമ്പിക്കൽ |
| പറവൂർ | നെടുങ്ങാട് | വരാപ്പുഴ |
| തൃപ്പൂണിത്തുറ | പൂണിത്തുറ | കുമ്പളം |
| വൈക്കം | പൊതി | പൊതി |
| വല്ലം | ഈസ്റ്റ് ചേരാനല്ലൂർ | മങ്കുഴി |

**സഹൃദയ അഗ്രി ഫുഡ് എക്സ്പോ**

തലയോലപ്പറമ്പ് സെന്റ് ജോർജ്ജ് പള്ളി ഫാമിലി യൂണിയൻ കേന്ദ്രസമിതിയുടെ സ ഹകരണത്തോടെ ത്രിദിന സഹൃദയ കാർഷികമേള തലയോലപ്പറമ്പിൽ സംഘടിപ്പിച്ചു. ജൈവകൃഷി സെമിനാറുകൾ, നാടൻ കാർഷിക ഉത്പങ്ങളുടേയും ഭക്ഷ്യവിഭവങ്ങളുടേയും പ്രദർശനവും വിപണനവും, ജീവിതശൈലി രോഗങ്ങൾക്കെതിരെ വ്യായാമ പരിശീലനം തുടങ്ങിയവ ഉൾപ്പെടുത്തിയ കാർഷികമേളയിൽ ആയിരക്കണക്കിനു പേർ പങ്കാളികളായി.

**സ്പർശൻ പദ്ധതി**

ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സഹൃദയ നേതൃത്വം നൽകുന്ന സഹൃദയ സ്പർശൻ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പ്രവർത്തനങ്ങൾ ചേരാനല്ലൂർ, ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകളിൽ ആരംഭിച്ചു.

**ജൈവസമൃദ്ധി പുസ്തകം**

ജൈവകൃഷി നടത്താൻ ഉദ്ദേശിക്കുന്ന കർഷകർക്ക് സഹായമായി സഹൃദയ തയ്യാറാക്കിയ ജൈവസമൃദ്ധി കൈപ്പുസ്തകം ബിഷപ്പ് ജോഷ്വ മാർ

ഇഗ്നാത്തിയോസ് പ്രകാശനം ചെയ്തു. സഹൃദയയുടെ സ്റ്റാളുകളിൽ ഈ പുസ്തകം ലഭ്യമാണ്.

**സഹൃദയ കാർഷിക പുരസ്കാരങ്ങൾ**

വനിതാദിനാചരണത്തോടനുബന്ധിച്ച് പി.ഒ.സി. യിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ഈ വർഷത്തെ സഹൃദയ കാർഷിക പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഹരിത ഇടവക പുരസ്കാരം നീറിക്കോട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയും മുരിങ്ങൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയും കരസ്ഥമാക്കി. മികച്ച കാർഷികപ്രവർത്ത നങ്ങൾക്ക് വേങ്ങൂർ സി.എം.സി കോൺവെന്റ്, ശ്രീമൂലനഗരം കരുണാഭവൻ സോഷ്യൽ സെന്റർ എന്നിവ ഹരിത ആലയ പുരസ്കാരംനേടി. പി.ഡി. റോബർട്ട് (കാഞ്ഞൂർ) മികച്ച യുവകർഷക നായി തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ഇടവകതല സോഷ്യൽ കോ-ഓർഡിനേറ്ററായി സി.എം. പോളച്ചൻ (ചേരാനല്ലൂർ), മികച്ച ജീവനോപാധി പരിശീലകയായി പി.വി.ഹേഴ്സല (ചക്കരപ്പറമ്പ്), മികച്ച സംരംഭകയായി സാലി വർഗീസ് (നടുവട്ടം) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

**മിനി അഗസ്റ്റിൻ മികച്ച ആനിമേറ്റർ**

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ വനിതാദിനാഘോഷ ത്തോടനുബന്ധിച്ച് മികച്ച സംഘം ആനിമേറ്റർക്കുള്ള അംഗീകാരം ലഭിച്ച നെടുങ്ങാട് സഹൃദയ സംഘം ആനിമേറ്റർ മിനി അഗസ്റ്റിനെ സഹൃദയ വനിതാദിനാഘോഷത്തിൽ ആദരിച്ചു.

**ഗോൾഡ് സൂക്കിലെ കാർഷികമേളയിൽ സഹൃദയ പങ്കാളിത്തം**

വൈറ്റില ഗോൾഡ് സൂക്കിൽ സംഘടിപ്പിച്ച ഇന്ത്യ ഇന്റർനാഷണൽ ഫുഡ് ആൻഡ് അഗ്രി എക്സ്പോയിൽ സഹൃദയയുടെ സ്റ്റാളുകൾ ശ്രദ്ധേയമായി.

## സഹായ, വായ്പാ വിതരണ വിവരം ഫെബ്രുവരി 2017

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയംതൊഴിൽ വായ്പ (116) | 2,81,44,000.00 | |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| കുടുംബ സഹായം | | 3,000.00 |
| ചികിത്സാ സഹായം | | 11,000.00 |
| വിദ്യാഭ്യാസ സഹായം | | 6,000.00 |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (496) | | 18,69,000.00 |

| | |
|---|---|
| കർമ്മശ്രീ സ്വയംതൊഴിൽ സഹായം (12) | 82,000.00 |
| സ്പെഷ്യൽ ഗിഫ്റ്റ് (58) | 62,686.00 |
| **ഇൻഷുറൻസ് പദ്ധതികൾ** | |
| സഹൃദയ കാരുണ്യ ഇൻഷുറൻസ് (ഫെബ്രുവരി വരെ) | 4,72,22,597.00 |
| വിദ്യാർത്ഥി സുരക്ഷാ ഇൻഷുറൻസ് (12) | 62,383.00 |
| ആശ്വാസ് മരണാനന്തര സഹായം (4) | 4,000.00 |
| **ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി** | |
| കാൻസർ ചികിത്സാ സഹായം | 14,500.00 |

## അതിരൂപതാ സഹായനിധി ഫെബ്രുവരി 2017

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | | 3,500.00 | | |
| അങ്കമാലി | | 8,000.00 | | |
| മഞ്ഞപ്ര | 5,000.00 | 10,000.00 | | |
| മൂഴിക്കുളം | 3,000.00 | 15,500.00 | | |
| കാഞ്ഞൂർ | 10,000.00 | 9,500.00 | | |
| വല്ലം | | 2,000.00 | 1,000.00 | |
| എറണാകുളം | | 11,750.00 | 5,000.00 | |
| കിഴക്കമ്പലം | | 1,500.00 | | |
| ഇടപ്പള്ളി | 5,000.00 | 5,000.00 | | |
| പറവൂർ | 15,000.00 | 7,300.00 | | |
| തൃപ്പൂണിത്തുറ | | 1,500.00 | | |
| വൈക്കം | 7,000.00 | 26,000.00 | | |
| പള്ളിപ്പുറം | | 8,500.00 | 4,000.00 | |
| ചേർത്തല | | 5,500.00 | | |
| മുക്കന്നൂർ | 3,000.00 | 3,000.00 | 1,000.00 | |
| കറുകുറ്റി | 10,000.00 | 2,000.00 | 3,000.00 | |
| **ആകെ** | **58,000.00** | **1,20,550.00** | **14,000.00** | |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

Naipunnya International

Broadway, Ernakulam Kochi 682031.
+91 9747001363, 0484-2381948, 2381949

**വിദേശ വിദ്യാഭ്യാസം**

- കാനഡ, ന്യൂസിലൻഡ്, ആസ്ത്രേലിയ എന്നിവിടങ്ങളിലേക്ക് ജൂലൈ, സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്ന കോഴ്സുകളിലേക്ക് സ്റ്റുഡന്റ് വിസയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നു.
- പ്ലസ് 2 ന് 65 % ത്തിൽ കൂടുതൽ മാർക്കുള്ള വിദ്യാർത്ഥികൾക്ക് യൂറോപ്പിൽ മെഡിസിൻ വിദ്യാഭ്യാസത്തിന് അപേക്ഷിക്കാവുന്നതാണ്.

**IELTS**

- IELTS, Communicative English എന്നിവയുടെ Admission നൈപുണ്യ ഇന്റർനാഷണലിൽ പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്.
- നേഴ്സ്മാർക്കുള്ള അയർലന്റ് റിക്രൂട്ട്മെന്റിന് അപേക്ഷകൾ സ്വീകരിച്ച് വരുന്നു.

**നൈപുണ്യ അക്കാദമി, കലൂർ.**

| | | |
|---|---|---|
| സിവിൽ സർവ്വീസ് | : | Exclusive Part time Batch ലേക്ക് അഡ്മിഷൻ തുടരുന്നു. |
| IELTS | : | Evening batch ലേക്ക് അഡ്മിഷൻ തുടരുന്നു. |
| Banking | : | Regular, Sunday Batch കളിലേക്ക് അഡ്മിഷൻ തുടരുന്നു. |
| Foreign Language | : | Vacation Class for students |

| | |
|---|---|
| Spanish – A2 level | – April 3 onwards |
| Italian/ German | – April 3 onwards. |
| French | – April 18 onwards |

കൂടുതൽ വിവരങ്ങൾക്ക്:

Renewal Centre, Azad Road, Kaloor 17.
E-mail : info@niacademy.org, Mob: 9544919144, 9544918133

**നൈപുണ്യ അക്കാദമി, തൃക്കാക്കര. PH: 9544919133, 9947349966**

**UGC NET**

→ Paper 1 പ്രത്യേക പരിശീലനം.

→ ഏപ്രിൽ ആദ്യത്തെ ആഴ്ച മുതൽ 2nd & 3rd paper ആരംഭിക്കുന്നു.

→ Commerce, English, Management മുതലായ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം

## SMART KIDS

→ കുട്ടികൾക്കുവേണ്ടിയുള്ള summer Vacation Programme "Smart Kids" ഏപ്രിൽ 18-ന് ആരംഭിക്കുന്നു ഉടൻ രജിസ്റ്റർ ചെയ്യുക.
Topic→ Spoken English, Yoga, Craft, Cookery Etc.

**Foreign Language**

→ കുട്ടികൾക്കു വേണ്ടിയുള്ള Foreign Language Vacation Class ആരംഭിക്കുന്നു.
Languages: German, French, Spanish

**Overseas Education**

→ വിദേശ രാജ്യങ്ങളിൽ Student visa –ക്ക് പോകുന്നവർക്കു വേണ്ടിയുള്ള പ്രത്യേക consulting- ഉം overseas education – ഉം ചെയ്തുകൊടുക്കുന്നു.

**IELTS**

→ IELTS & Communicative English

→ Regular & Saturday batches
എല്ലാ ദിവസവും അഡ്മിഷൻ തുടരുന്നു.

**ഫാ. വർഗ്ഗീസ് പൊന്തേമ്പിള്ളി**
**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

## 2017 ഏപ്രിൽ മാസത്തിലെ പ്രോഗ്രാമുകൾ

**ഈശോസ്പർശം ധ്യാനം**

2-4 : സെന്റ് ആന്റണീസ് പള്ളി, ചെങ്ങമനാട്.
5-8 : സെന്റ് ജോസഫ്സ് പള്ളി, മേലൂർ.
6-8 : സെന്റ് സെബാസ്റ്റ്യൻസ് പള്ളി, കുന്നപ്പിള്ളിശ്ശേരി.
9-11 : സെന്റ് ആന്റണീസ് പള്ളി, എളമക്കര.
20-22 : സേക്രഡ് ഹാർട്ട് പള്ളി, വയലാർ.
23-26 : സെന്റ് ജോസഫ്സ് പള്ളി, സാൻജോപുരം (നായരമ്പലം).

**ഹോം മിഷൻ**

8-9 : സെന്റ് ആന്റണീസ് പള്ളി, എളമക്കര.
18-23 : സെന്റ് ജോസഫ്സ് പള്ളി, സാൻജോപുരം (നായരമ്പലം)

**ആത്മാഭിഷേക കൺവെൻഷൻ**

3-6 : സെന്റ് തോമസ് പള്ളി, മലയാറ്റൂർ.

**മറ്റു പരിപാടികൾ**

28-29 : ആത്മീയ വചന പ്രഘോഷകരുടേയും കൗൺസിലേഴ്സിന്റേയും ക്യാമ്പ് - റിന്യുവൽ സെന്റർ, കലൂർ.
മെയ് 2 : പ്രെയർ ഗ്രൂപ്പ് ലീഡേഴ്സ് മീറ്റിംഗ് 2.00 pm - 6.00 pm റിന്യുവൽ സെന്റർ, കലൂർ.

**ഫാ. ജോസഫ് പാറേക്കാട്ടിൽ**
**ഡയറക്ടർ**

---

## DEPARTMENT OF BIBLE APOSTOLATE

**വിശുദ്ധനാട് സന്ദർശനം**

2017 മെയ് 18-ന് പുറപ്പെടുന്ന ആദ്യ ബാച്ചിൽ ഏതാനും സീറ്റുകൾ കൂടി ഒഴിവുണ്ട് ആഗ്രഹമുള്ളവർ എത്രയും വേഗം ബുക്ക് ചെയ്ത് സീറ്റ് ഉറപ്പാക്കണമെന്ന് താല്പര്യപ്പെടുന്നു. സീറ്റ് ഒന്നിന് 80,000/- രൂപയാണ്.

തുടർന്ന് വരുന്ന യാത്രയുടെ തീയതി ചുവടെ ചേർക്കുന്നു.

**2017 ഒക്ടോബർ 11-20, 2017 നവംബർ 15-24**

**ഫാ. ജോസഫ് പാറേക്കാട്ടിൽ**
**ഡയറക്ടർ**

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

RENEWAL CENTRE, AZAD ROAD, KALOOR, KOCHI 682017.
Ph. 0484- 2343940, 4047458, 2346963

## FAMILIA - 2017

അതിരൂപതാ കോർപ്പറേറ്റ് ദിനാഘോഷം ഫെബ്രുവരി 25-ാം തിയതി ശനിയാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് കുടുംബദിനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തുകയും കോർപ്പറേറ്റ് മാനേജർ റവ. ഡോ. എബ്രാഹം ഓലിയപ്പുറത്ത് 2016-17 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങളെ ആസ്പദമാക്കി മികച്ച വിദ്യാലയം, മികച്ച അദ്ധ്യാപകൻ/അനദ്ധ്യാപകൻ എന്നിവരുടെ അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ അവാർഡുകൾ സമ്മാനിച്ചു.

### അഭിനന്ദനങ്ങൾ

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ 2016-17 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി മികച്ച വിദ്യാലയം, മികച്ച അദ്ധ്യാപകർ, അനദ്ധ്യാപകൻ എന്നീ അവാർഡുകൾക്കു അർഹരായവർ:-

**BEST SCHOOL AWARD**

| | |
|---|---|
| Infant Jesus H.S., Vadayar | (High School section) |
| St. Mary's U.P.S., W. Cheranalloor | (U.P. section) |
| St. Mary's L.P.S., Pallippuram | (L.P. section) |

**BEST TEACHER AWARD**

| | |
|---|---|
| Sri. Jose Paul | ( St. Mary's H.S., Aluva) |
| Smt. Kunjumol A.V. | ( St. Mary's L.P.S., Pallippuram) |

**BEST NON-TEACHING STAFF**

| | |
|---|---|
| George Paul | (St. Augustine's H.S., Ernakulam) |

## സമർപ്പിത സംഗമം

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ മാർച്ച് 3-ാം തിയതി  അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ സമർപ്പിതരെ ആദരിച്ചു. അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മുഖ്യസന്ദേശം നൽകി. 60-ാളം സമർപ്പിതർ പങ്കെടുത്ത സംഗമത്തിൽ റവ. ഡോ. അബ്രാഹം ഓലിയപ്പുറത്ത് സമ്മാനങ്ങൾ വിതരണം ചെയ്തു. സമർപ്പിതർ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ഉച്ചഭക്ഷണത്തോടെ സംഗമം സമാപിക്കുകയും ചെയ്തു.

### ആഗ്നേയം 360⁰ (EMPOWER – 2017)

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കായി ദ്വിദിന പരിശീലന പരിപാടി (EMPOWER - 2017) മൂന്ന് മേഖലകളിലായി സംഘടിപ്പിക്കുന്നു.

| Date | Time | Venue | Programme |
|---|---|---|---|
| April 5 & 6<br>(Wed. & Thu.) | 9.30<br>4.00 | Subodhana<br>Angamaly | Empower 2017<br>for Teachers |
| April 19 & 20<br>(Wed. & Thu.) | 9.30<br>4.00 | St. Mary's Auditorium<br>Pallippuram, Cherthala. | Empower 2017<br>for Teachers |
| May 11 & 12<br>(Thu. & Friday) | 9.30<br>4.00 | Renewal Centre,<br>Kaloor, Kochi. | Empower 2017<br>for Teachers |

ക്ലാസ്സുകൾ നയിക്കുന്നത് സലേഷ്യൻ വൈദീകർ.

### പരിശീലന പരിപാടി

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വേണ്ടി നടത്തുന്ന പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| May 6<br>(Saturday) | 9.30<br>4.00 | Renewal Centre,<br>Kaloor, Kochi. | Non-Teaching Staff |
| May 20<br>(Saturday) | 9.30<br>4.00 | Renewal Centre,<br>Kaloor, Kochi. | Training for the Heads of<br>the Institutions |

**ഫാ. അബ്രാഹം ഓലിയപ്പുറത്ത്**
**കോർപ്പറേറ്റ് മാനേജർ**

# CATHOLIC TEACHERS' GUILD

Renewal Centre, Kaloor, Kochi -17. Ph. 0484-2343940, 4047458

കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ വിരമിക്കുന്ന അദ്ധ്യാപകർക്കുള്ള യാത്രയയപ്പും അനുസ്മരണ യോഗവും മാർച്ച് 10-ാം തിയതി ഉച്ചക്കഴിഞ്ഞ് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന സമ്മേളനം അതിരൂപതാ സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉദ്ഘാടനം ചെയ്തു.

**ഫാ. അബ്രാഹം ഓലിയപ്പുറത്ത്**
**ഡയറക്ടർ**

# സമന്വയ കൗൺസിലിംഗ് സെന്റർ

റിന്യൂവൽ സെന്റർ, കലൂർ, കൊച്ചി.
E-mail: samanuyacounselling@yahoo.in

സമന്വയ കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള, തെക്കൻ പറവൂരിലെയും വടക്കൻ പറവൂരിലെയും എട്ട് സ്ക്കൂളുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ മാതാപിതാക്കളെ ഒത്തുചേർത്ത് 'പഠന പിന്നോക്കാവസ്ഥയുടെ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയത്തെ സംബന്ധിച്ച ക്ലാസ്സ് തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോനയുടെ അനുഗ്രഹ ഓഡിറ്റോറിയത്തിൽ സി. ലിജി ജോസ് എം.എസ്.ജെ., സി. നൈസി എം.എസ്.ജെ. എന്നിവരുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

ONE DAY TRAINING PROGRAMME

"How to Improve Quality of the Schools" എന്ന വിഷയത്തെ സംബന്ധിച്ചുള്ള ഒരു ദിവസത്തെ പരിശീലന പരിപാടി ഡോ. ജോസ് കുറിയേടത്തിന്റെ നേതൃത്വത്തിൽ എയ്ഡഡ്, അൺ എയ്ഡഡ് സ്ക്കൂളുകളിലെ ഹെഡ്മിസ്ട്രസ്സ് /പ്രിൻസിപ്പാൾമാർക്കായി സമന്വയ കൗൺസിലിംഗ് സെന്ററിൽ നടത്തി.

**CERTIFICATE COURSE IN COUNSELING**

അതിരൂപതാ സമന്വയ കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ CALICUT UNIVERSITY യുടെ AFFILIATION ഉള്ള CERTIFICATE COURSE IN COUNSELING ആരംഭിക്കുന്നു.

2017 ജൂൺ 3-ാം തിയതി മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. കോഴ്സിന്റെ ദൈർഘ്യം 12 മാസക്കാലമാണ്. (2017 ജൂൺ – 2018 മെയ്). എല്ലാ ശനിയാഴ്ച കളിലും 10.00 am-12.30 pm വരെ ആയിരിക്കും ക്ലാസ്സുകൾ.

അദ്ധ്യാപകർ, സിസ്റ്റേഴ്സ്, വൈദീകർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസാർത്ഥിനികൾ, സ്ക്കൂൾ കൗൺസിലേഴ്സ്, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, സോഷ്യൽ വർക്കേഴ്സ്, സൈക്കോളജി സ്റ്റുഡന്റ്സ് എന്നിവർക്കും ഈ വിഷയത്തിൽ താൽപര്യം ഉള്ള മാതാപിതാക്കൾക്കും ഇതിൽ ചേരാവുന്നതാണ്. വളരെ വിദഗ്ദരും പരിചയ സമ്പന്നരുമായവർ ക്ലാസ്സിന് നേതൃത്വം നൽകുന്നു.

## CERTIFICATE COURSE IN LEARNING DISABILITY MANAGEMENT

സമന്വയ കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ CALICUT UNIVERSITY യുടെ AFFILIATION ഉള്ള CERTIFICATE COURSE IN LEARNING DISABILITY MANAGEMENT (പഠന വൈകല്യ പരിഹാര പരിശീലന കോഴ്സ്) എന്ന വിഷയത്തിൽ Certificate Course ആരംഭിക്കുന്നു.

2017 ജൂൺ 3-ാം തീയതി മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. കോഴ്സിന്റെ ദൈർഘ്യം 12 മാസക്കാലമാണ് (2017 ജൂൺ – 2018 മെയ്). എല്ലാ ശനിയാഴ്ച കളിലും (1.00 pm - 3.30 pm) വരെ ആയിരിക്കും ക്ലാസ്സുകൾ.

സ്ക്കൂൾ വിദ്യാർത്ഥികളിൽ 10% പേരിൽ അധികവും പഠന പിന്നോക്കാവസ്ഥയിൽ ഉള്ളവരാണ് എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പഠനവൈകല്യത്തെ മുൻകൂട്ടി തിരിച്ചറിയുക എന്നത് ഇന്നത്തെ കാലഘട്ടത്തിന്റെ ഒരാവശ്യമായതിനാൽ മാതാപിതാക്കൾ, അദ്ധ്യാപകർ, സ്ക്കൂൾ കൗൺസിലേഴ്സ്, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് , സോഷ്യൽ വർക്കേഴ്സ്, സൈക്കോളജി സ്റ്റുഡന്റ്സ് എന്നിവർക്കും ഈ വിഷയത്തിൽ താൽപര്യം ഉള്ളവർക്കും ഇതിൽ ചേരാവുന്നതാണ്. വളരെ വിദഗ്ദരും പരിചയ സമ്പന്നരുമായവർ ആയിരിക്കും ക്ലാസ്സിന് നേതൃത്വം കൊടുക്കുന്നത്.

ചേരുവാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക്:

സമന്വയ കോർഡിനേറ്റർ: Contact No. 9847401655
E-mail: samanuyacounselling@yahoo.in

**ഫാ. അബ്രാഹം ഓലിയപ്പുറത്ത്**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ഫെബ്രുവരി 2017

22 ജോർജ് ആലഞ്ചേരി പിതാവ് മേലമ്പാറയിൽ എം. എസ്. ടി. വൈദികസമൂഹത്തിന്റെ ഗോൾഡൻ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് കോട്ടക്കാവ് സെന്റ് പോൾസ് സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകീട്ട് തൃക്കാക്കര മൈനർ സെമിനാരിയിൽ ക്ലാസ്സെടുത്തു.

23 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നരം വി. അന്തോണീസിന്റെ തിരുശേഷിപ്പ് വണക്കവുമായി ബന്ധപ്പെട്ട് ആലുവ കോൾബേ ആശ്രമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പോട്ട ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് അരമനയിൽ നടന്ന് മതബോധന മീറ്റിംഗിൽ പങ്കെടുത്തു.

24 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ കച്ചേരിപ്പടി ആശീർഭവനിൽ സമർപ്പിതസംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ 'ഒന്നായി മുന്നോട്ട്' എന്ന അജപാലന പ്രബോധനത്തെ ആസ്പദമാക്കി നടത്തിയ പഠനശിബിരം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തുരുത്തിപ്പുറം പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ആരാധനയുടെ പ്രാരംഭസന്ദേശം നൽകുകയും ചെയ്തു. ഉച്ചക്ക് ആശീർഭവനിൽ നടന്ന എറണാകുളം-വരാപ്പുഴ സന്ന്യസ്ത സംഗമത്തിൽ സന്ദേശം നൽകി. വൈകുന്നേരം മരുത്തോർവട്ടം പള്ളിയിൽ ആരാധനയുടെ സമാപനസന്ദേശം നൽകുകയും തിരുനാളിനോടനുബന്ധിച്ച് പതാക ഉയർത്തൽ നടത്തുകയും ചെയ്തു. വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച വീടിന്റെ വെഞ്ചെരിപ്പ് കർമ്മം നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് പി. ഒ. സി. യിൽ നടന്ന കെ. എൽ.എം. -ന്റെ എക്സിക്യുട്ടിവ് മീറ്റിംഗിൽ പങ്കെടുത്തു.

25 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ റിന്യുവൽ സെന്ററിൽ അതിരൂപതാ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ വാർഷികം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അതിനുശേഷം ആമ്പല്ലൂർ ഇടവകയിൽ ബ. ചെറുവള്ളിൽ കുര്യാക്കോസ്, കളപ്പുരക്കൽ കുര്യാക്കോസ് എന്നീ വൈദികരുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് റിന്യുവൽ സെന്ററിൽ നടന്ന കോർപ്പറേറ്റ് ഡേ-യിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കാഞ്ഞൂർ വിമല ഹോസ്പിറ്റലിൽ നടത്തിയ ലാംപ് ലൈറ്റിംഗ് സെറിമണിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം പുല്ലുവഴി പള്ളിയിൽ ദൈവദാസി റാണി മരിയയുടെ ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യുവൽ സെന്ററിൽ നടന്ന കോർപ്പറേറ്റ് ഡേ-യിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പൊങ്ങം നൈപുണ്യയുടേ അഡ്വൈവെസറി മീറ്റിംഗിൽ പങ്കെടുത്തു.

26 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. സെമിനാരിക്കാരെ ബാച്ച് അടിസ്ഥാനത്തിൽ കാണുകയും ചെയ്തു. ഉച്ചകഴിഞ്ഞ് തുറവുങ്കര ചെറുപുഷ്പ ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠാ കർമ്മം നടത്തി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് പുഷ്പഗിരി പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ജൂബിലി സമാപനത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുക്കുകയും പാരിഷ്ഹാളിന്റെ വെഞ്ചെരിപ്പ് കർമ്മം നടത്തുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് സൗത്ത് പറവൂർ പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

28 സെബാസ്റ്റ്യൻ പിതാവ് രാവിലെ പൊങ്ങം നൈപുണ്യയിൽ കോളേജ് ഡേ ഉദ്ഘാടനം ചെയ്തു. വൈകിട്ട് എറണാകുളം ബസിലിക്കാ ഹാളിൽ നടന്ന മഹാജൂബിലി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

**മാർച്ച് 2017**

1 ജോർജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് കുത്തിയതോട് ഇടവകയിൽ ബ. ഫ്രാൻസിസ് തച്ചിൽ അച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും പ്രസ്തുത കർമ്മങ്ങളിൽ സംബന്ധിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അയ്യമ്പുഴ പള്ളിയിലും ജോസ് പിതാവ് കരയാംപറമ്പ് പള്ളിയിലും വിഭൂതിയുടെ തിരുക്കർമ്മങ്ങൾ നടത്തി.

1-4 സെബാസ്റ്റ്യൻ പിതാവ് അഹമ്മദാബാദിൽ വഡോദരയിൽ സേവനം ചെയ്യുന്ന അതിരൂപതാ വൈദികരെ സന്ദർശിച്ചു.

2 ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യുവൽ സെന്ററിൽ നടന്ന തിയോളജിയൻസിന്റെ സിംബോസിയത്തിൽ പങ്കെടുത്തു.

3 ജോസ് പുത്തൻവീട്ടിൽ പിതാവ് എറണാകുളം ബസിലിക്കയിൽ ആദ്യവെള്ളിയാഴ്ച്ചയോട് അനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

4 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം എറണാകുളം ടൗൺ ഹാളിൽ ബ. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായുള്ള പ്രാർത്ഥനാ സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് ആലുവ കാർമ്മൽ നേഴ്സിംഗ് കോളേജിന്റെ ഗ്രാജുവേഷൻ സെറിമണി ഉദ്ഘാടനം ചെയ്തു.

5 സെബാസ്റ്റ്യൻ പിതാവ് മൂക്കന്നൂർ ഫൊറോന പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും കെ. സി. വൈ. എം. മീറ്റിംഗിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് പീച്ചാനിക്കാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

6 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന തുറവൂർ ഐ. ടി. ഐ., ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, നൈപുണ്യ കൊച്ചി എന്നിവയുടെ ബോർഡ് മീറ്റിംഗുകളിൽ പങ്കെടുത്തു.

7 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ റിന്യുവൽ സെന്ററിൽ നടന്ന സത്യദീപം നവദി ആഘോഷത്തിന്റെ ഭാഗമായി കോളേജ് വിദ്യർത്ഥികൾക്കായി സംഘടിപ്പിച്ച മീറ്റിംഗിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അരമനയിൽ നടന്ന തൃക്കാക്കര മൈനർ സെമിനാരിയുടെയും ലിസ്സി ഹോസ്പിറ്റലിന്റെയും ബോർഡ് മീറ്റിംഗുകളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അങ്കമാലി വിൻസെന്റ് ഡി പോൾ നഗറിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച വീടുകളുടെ വെഞ്ചെരിപ്പ് കർമ്മം നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് അരമനയിൽ നടന്ന തൃക്കാക്കര മൈനർ സെമിനാരിയുടേയും ലിസ്സി ഹോസ്പിറ്റലിന്റെയും ബോർഡ് മീറ്റിംഗുകളിൽ പങ്കെടുത്തു. വൈകുന്നേരം കലൂർ റിന്യൂവൽ സെന്ററിൽ ഫാമിലി അപ്പസ്റ്റലേറ്റിൽ ക്ലാസ്സെടുത്തു.

8 ജോസ് പുത്തൻവീട്ടിൽ പിതാവ് കോടംതുരുത്ത് പള്ളിയിൽ അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിന്റെ വന്ദ്യ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പിതാക്കൻമാർ മൂന്ന് പേരും അരമനയിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് വളമംഗലത്ത് അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിന്റെ വന്ദ്യ മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ ജോർജ് ആലഞ്ചേരി പിതാവും, സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും പങ്കെടുക്കുകയും മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് ജോർജ് ആലഞ്ചേരി പിതാവ് മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

9 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ മൗണ്ട് സെന്റ് തോമസിൽ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സെമിനാറിൽ പങ്കെടുത്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന ചിറ്റൂർ ധ്യാന കേന്ദ്രത്തിന്റെ മീറ്റിംഗിലും, ലിറ്റർജി മീറ്റിംഗിലും പങ്കെടുത്തു.

വൈകുന്നേരം അരമനയിൽ നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പിതാക്കന്മാർ മൂന്ന് പേരും പങ്കെടുത്തു.

10 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം പാലാരിവട്ടം പി. ഒ. സി. യിൽ നടന്ന മദ്യവിരുദ്ധ സമിതിയടെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന കാത്തലിക്ക് ടീച്ചേഴ്സിന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും രാവിലെ അരമനയിൽ നടന്ന നൈപുണ്യ ഇന്റർനാഷണലിന്റെ ബോർഡ് മീറ്റിംഗിലും, വൈകുന്നേരം നടന്ന ഹയർ എജ്യുക്കേഷന്റെ മീറ്റിംഗിലും പങ്കെടുത്തു.

11 പിതാക്കന്മാർ മൂന്ന് പേരും രാവിലെ കലൂർ റിന്യുവൽ സെന്ററിൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു.

ജോർജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് പാലാരിവട്ടം പി. ഒ. സി. യിൽ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കാരുണ്യകേരള യാത്രയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് പി ഒ സി യിൽ നടന്ന ഫാമിലി കമ്മിഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം തിരുമുടിക്കുന്ന് സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകുന്നേരം പെരുമ്പടപ്പ് ഹോളി ഫാമിലി ആശ്രമത്തിൽ ദിവ്യകാരുണ്യ ആരാധനയുടെ സമാപന സന്ദേശം നൽകി.

12 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം കെ. സി. വൈ. എം.- ന്റെ നേതൃത്വത്തിൽ നടത്തിയ പെരിയാർപുഴ സംരക്ഷണ പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പുത്തൻപള്ളി പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും കെ. സി. വൈ. എം. - മീറ്റിംഗിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

* * * * *




ഓശാന, പെസഹാ തിരുനാളുകളുടെ
ആശംസകൾ...

Registered No. KL/EKM/748/2016-18

RNI No. 3421/57
Date of Publication: 01.04.2017

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM

**"അവൻ ഇവിടെയില്ല;**
**താൻ അരുളിച്ചെയ്തതുപോലെ**
**അവൻ ഉയിർപ്പിക്കപ്പെട്ടു".**
**(മത്തായി 28:6)**

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Jose Pollayil